JESUS REDEEMS MINISTRIES

# യുവജനലോകം

ഒക്ടോബർ 2024



അന്ധകാരം നിറഞ്ഞ ലോകത്തിൽ,
ക്രിസ്തുവാകുന്ന വെളിച്ചം പരത്തുവാൻ എഴുന്നേറ്റ്

# പ്രകാശിക്കുവിൻ!




Tech - 9

# ഫോണിന്റെ ഉപയോഗം

ഹലോ സ്നേഹിതരേ....! ഈ ലേഖനത്തിലൂടെ നിങ്ങളെ വീണ്ടും കണ്ടുമുട്ടിയതിൽ അതിയായ സന്തോഷം. സാങ്കേതിക ലോകത്തിന്റെ വികസനം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ വികസനത്തിൽ നാം ഓരോരുത്തരും പങ്കാളികളാണ്. പച്ചക്കറി കട മുതൽ കാർ **showroom** വരെ സാങ്കേതിക വിദ്യയുടെ സഹായം തേടുകയാണ്. പഠിക്കുന്ന കുട്ടികൾക്കും പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും സാങ്കേതികവിദ്യ അനിവാര്യമാണ്.

ഈയിടെയായി **AI** സാങ്കേതികവിദ്യ എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചിരിക്കുന്നു. മനുഷ്യ മസ്തിഷ്കത്തെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവ് പ്രകടിപ്പിക്കാൻ ഇത് വികസിപ്പിച്ചിരിക്കുന്നു. ഈ **Artificial Intelligence** സാങ്കേതികവിദ്യയുടെ വികസനം നമ്മിൽ പലരെയും അത്ഭുതപ്പെടുത്തുന്നു. നാം ചോദിക്കുന്ന ചോദ്യങ്ങൾക്ക് അവർ കൃത്യമായി ഉത്തരം നൽകും. **ChatGPT** പോലുള്ള സാങ്കേതികവിദ്യകൾ നമുക്ക് ദൈനംദിന ജോലികളിൽ വളരെ സഹായകരമാണ്.

2012ൽ ഇൻസ്റ്റാഗ്രാമും 2014ൽ **whatsapp**ഉം **Facebook** ഏറ്റെടുത്തു.അതിനാൽ 2021 മുതൽ ഈ സമൂഹ വെബ്സൈറ്റുകൾ നിയന്ത്രിക്കുന്ന കമ്പനിയുടെ പേര് **META** എന്നാക്കി മാറ്റി. 2024 മുതൽ **Artificial Intelligence** ഉള്ള **META AI** **Meta** യുടെ സമൂഹ വെബ്സൈറ്റുകളിൽ കൊണ്ടുവന്നു. ഇപ്പോൾ നിങ്ങളുടെ **whatsapp**ലും **AI** ഫീച്ചർ മെറ്റ എന്ന കമ്പനി അതിന്റെ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ ഗുണങ്ങൾ എന്തൊക്കെയാണ് ഇത് എങ്ങനെ ഉപയോഗിക്കാം എന്ന് ഈ മാസം നോക്കാം.

മുമ്പ് ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ മാത്രമാണ് **Meta AI** ലഭ്യമായിരുന്നത്. നിലവിൽ വാട്സാപ്പ്, ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം തുടങ്ങിയ ആപ്പുകളിൽ **AI chatbot** ഉപയോഗിക്കാം. നിങ്ങളുടെ താൽപര്യങ്ങളും ആവശ്യങ്ങളും അടിസ്ഥാനമാക്കി പുതിയ വിവരങ്ങളും വീഡിയോകളും മറ്റ് പോസ്റ്റുകളും കണ്ടെത്താൻ **Meta AI** നിങ്ങളെ സഹായിക്കും. വീഡിയോകളും മറ്റ് പോസ്റ്റുകളും കണ്ടെത്താൻ **Meta AI** നിങ്ങളെ സഹായിക്കും. വിദേശത്തുള്ള സ്നേഹിതരുമായി ചാറ്റ് ചെയ്യുമ്പോൾ അവരുടെ ഭാഷ മനസ്സിലാക്കുവാൻ **Meta AI** സഹായിക്കുന്നു. നിങ്ങളുടെ ചിന്തകൾ വാചകങ്ങളായി **(Text)** നൽകുക, **Meta AI** അത് നിങ്ങൾക്കുവേണ്ടി ചിത്രങ്ങൾ രൂപപ്പെടുത്തിതരും. ഇംഗ്ലീഷിൽ മെയിൽ എഴുതുന്നത് ചിലർക്ക് ബുദ്ധിമുട്ടായിരിക്കും. ഇതുപോലുള്ള സഹായങ്ങൾക്ക്, നിങ്ങൾക്ക് **Meta AI** ഉപയോഗിക്കാം.

### Meta AI എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് ചോദിക്കുന്നുവോ?

വാട്സാപ്പ് തുറന്നു കഴിഞ്ഞാൽ, താഴെ വലത് ഭാഗത്തിൽ സ്ഥിതി ചെയ്യുന്ന ബ്ലൂ റിംഗ് ഐക്കൺ കാണാം. പ്ലേ സ്റ്റോറിൽ നിന്ന് വാട്സ്ആപ്പ് അപഡേറ്റ് ചെയ്ത ശേഷം, ഈ ഐക്കൺ ക്ലിക്ക് ചെയ്താൽ ഒരു പുതിയ **chat** തുറക്കും. ഇത് ഉപയോഗിച്ച് **Meta AI** -യോട് നിങ്ങളുടെ ചോദ്യങ്ങൾ ചോദിക്കാം.

**നിങ്ങളുടെ പഠനവും ജോലിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നിങ്ങൾക്ക് whatsappൽ ചോദിക്കാം. ലോകത്തിലെ പല കണ്ടുപിടിത്തങ്ങളും നമ്മുടെ നേട്ടത്തിനായി കണ്ടുപിടിച്ചതാണെങ്കിലും, അത് ശരിയായി ഉപയോഗിച്ചാൽ നമുക്കും ശോഭയുള്ളവരും വിജയികളും ആകാൻ കഴിയും.**

# ആമുഖം

എനിക്ക് പ്രിയപ്പെട്ട യൗവനക്കാരേ!



വടക്കൻ നൈജീരിയയിൽ Isawa എന്ന ഒരു വംശീയ വിഭാഗം താമസിക്കുന്നു. ആ ജാതിയിൽ പെട്ട ഒരു യൗവനക്കാരൻ, ദിവസവും വീടുകൾതോറും കയറിയിറങ്ങി ആക്രി സാധനങ്ങൾ ശേഖരിച്ച് അതിനുള്ളിലെ പ്ലാസ്റ്റിക് സാധനങ്ങൾ വിറ്റ് ആ വരുമാനത്തിൽ ജീവിച്ചുവന്നു. ഒരു ദിവസം അവൻ ഒരു ധനികന്റെ വീട്ടിൽ കയറി സാധനങ്ങൾ ശേഖരിക്കുമ്പോൾ, വീട്ടുടമസ്ഥൻ അവന്റെ മുഷിഞ്ഞ വസ്ത്രവും ഒരു വലിയ പ്ലാസ്റ്റിക് ബാഗും കണ്ട്, "അകത്തേക്ക് വരരുത്, പുറത്ത് നിൽക്കൂ! നിങ്ങളെപ്പോലുള്ള ഭിക്ഷാടകർ ഒരിക്കലും വീട്ടിലേക്ക് വരാനേ പാടില്ല" എന്ന് വളരെ കർശനമായി പറഞ്ഞു. അടുത്ത ദിവസം ധനികന് തന്റെ വിലകൂടിയ ഡയമണ്ട് വാച്ച് നഷ്ടപ്പെട്ടു. വീട്ടിൽ മുഴുവനും തിരഞ്ഞിട്ടും കണ്ടെത്താനാകാത്തതിനാൽ അയാൾ വളരെ കോപിഷ്ഠനായിരുന്നു.



ആ സമയത്ത്, യൗവനക്കാരൻ വീണ്ടും ആക്രി സാധനങ്ങൾ ശേഖരിക്കുവാൻ ആ വീട്ടിലേക്ക് പോയി. അപ്പോൾ ധനികൻ ദേഷ്യത്തോടെ, "ഗേറ്റിന് പുറത്ത് നിൽക്കൂ, അകത്തേക്ക് വരരുത്, ഇവിടെ എന്റെ ഡയമണ്ട് വാച്ച് കാണാനില്ല" എന്ന് കർശനമായി സംസാരിച്ചു. ധനികന്റെ വീടിന്റെ വാതിൽക്കൽ ആ യുവാവ് മടിച്ച് നിൽക്കുന്നത് കണ്ട വീട്ടുടമസ്ഥൻ 'എന്താ' എന്ന് ചോദിച്ചു. "ഇത് നിങ്ങളുടേതാണോ?" എന്ന് അവൻ ചോദിച്ചു. ഉടനെ ആ ധനികൻ, 'ഇതെന്താണ്?, ഇതിന്റെ വില എന്താണെന്ന് നിനക്കറിയാമോ?' എന്ന് ചോദിച്ചു. "എനിക്കറിയില്ല, ഇത് നിങ്ങളുടെ വീട്ടിലെ ചവറ്റുകുട്ടയിൽ നിന്ന് എനിക്ക് കിട്ടിയതാണ്, അതുകൊണ്ട് ഞാൻ ഇത് നിങ്ങൾക്ക് നൽകുവാൻ വന്നതാണ്". "ഇത് വളരെ വിലകൂടിയ ഡയമണ്ട് വാച്ചാണ്; ഇത് നീ തന്നെ വച്ചിരുന്നെങ്കിൽ, വലിയ സമ്പന്നനാകുമായിരുന്നല്ലോ! എന്തുകൊണ്ടാണ് ഇത് കൈയിൽ സൂക്ഷിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കാതിരുന്നത്?" എന്ന് ചോദിച്ചു. അതിന് ആ യുവാവ്, "ഞാനൊരു Isawa, ഞാൻ യേശുവിന്റെ പൈതലാണ്," അതുകൊണ്ട് എനിക്ക് അവകാശമില്ലാത്തതൊന്നും ഞാൻ ആഗ്രഹിക്കുകയുമില്ല, എടുക്കുകയുമില്ല". ആ യുവാവിന്റെ ഉറച്ച വാക്കുകൾ ധനികനെ അത്ഭുതപ്പെടുത്തി.





**പ്രിയപ്പെട്ട യൗവനക്കാരെ! ക്രിസ്തു എന്ന വെളിച്ചത്തെ പിന്തുടരുക മാത്രമല്ല, ആ വെളിച്ചം തങ്ങളുടെ ഉള്ളിൽ നിന്ന് പ്രകാശിപ്പിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ. ക്രിസ്തുവിന്റെ വെളിച്ചം ലോകത്തിൽ പകരാൻ, അന്ധകാരം നിറഞ്ഞ ലോകത്തിൽ വെളിച്ചം നൽകുവാൻ, ഇപ്രകാരം സാക്ഷ്യമുള്ള ജീവിതം നയിക്കുന്ന Isawa പോലുള്ള യൗവനക്കാരെ യേശുവിന് ആവശ്യമാണ്.**

**യൗവനക്കാരാ! നീയും പ്രകാശിക്കണം! നിങ്ങളെപ്പോലുള്ള അനേകം യൗവനക്കാരെ എഴുന്നേൽപ്പിച്ച് പ്രകാശിപ്പിക്കുവാൻ ശ്രമിക്കണം!**

"മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:16).

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്

# എന്റെ കഴിവല്ല; ദൈവത്തിന്റെ കൃപ!!



തെക്കൻ തമിഴ്നാട്ടിൽ ജനിച്ച്, ഇംഗ്ലീഷ് വായിക്കുവാൻ അറിയാതെ, വളരെ കഷ്ടപ്പെട്ട്, ഇംഗ്ലീഷ് First Class Student എന്ന certificate നേടി, ഇന്ന് ഇംഗ്ലീഷ് നന്നായി സംസാരിക്കുന്ന, എല്ലാവരുടെയും മനസ്സിൽ നിറഞ്ഞുനിൽക്കുന്ന സഹോദരൻ അജിത് ബിനോന്റെ രസകരമായ അഭിമുഖം കാണാം. വരുവിൻ!

**നിങ്ങളുടെ കുടുംബത്തെക്കുറിച്ച് പറയാമോ?**

ഞാൻ തിരുനെൽവേലി ജില്ലയിലെ യാക്കോപുരത്തിൽ ശ്രീ. യോസോഫ്, ശ്രീമതി. വനർമതി ദമ്പതികൾക്ക് മകനായി ജനിച്ചു. എനിക്ക് 3 സഹോദരന്മാരുണ്ട്. ഞങ്ങൾ ഒരു ക്രൈസ്തവ കുടുംബമായതിനാൽ, അമ്മയുടെ ഉപദേശപ്രകാരം വളർന്ന ഞാൻ കുട്ടിക്കാലം മുതൽ സ്ഥിരമായി ദേവാലയത്തിൽ പോകുമായിരുന്നു. എന്നാൽ എനിക്ക് യേശുവുമായി ഒരു ബന്ധവും ഉണ്ടായിരുന്നില്ല.

**സൂപ്പർ.... മനോഹരമായ ഒരു കുടുംബം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു. ശരി, നിങ്ങളുടെ കുട്ടിക്കാലത്തെയും സ്കൂൾ വിദ്യാഭ്യാസത്തെയും കുറിച്ച് പറയാമോ?**

കുട്ടിക്കാലം മുതൽ TVയിലും ലാപ്ടോപ്പിലും GAME കളിക്കുന്നത് എനിക്ക് വളരെ താൽപര്യമായിരുന്നു. ഇക്കാരണത്താൽ എട്ടാം ക്ലാസ് വരെ എനിക്ക് പഠനത്തിൽ താൽപര്യമില്ലായിരുന്നു. എങ്ങനെയെങ്കിലും സ്കൂളിൽ പോയി വരും. 9ാം ക്ലാസ് ആരംഭിച്ചപ്പോൾ, "ആരൊക്കെ 9-ാം ക്ലാസിൽ എല്ലാ വിഷയങ്ങളിലും വിജയിക്കുന്നുവോ, അവർക്ക് മാത്രമേ 10-ാം ക്ലാസിലേക്ക് പോകുവാൻ കഴിയൂ" എന്ന് അദ്ധ്യാപിക പറഞ്ഞു. ഇത്



കേട്ടപ്പോൾ വല്ലാതെ പേടിച്ചുപോയി. എനിക്ക് ഇംഗ്ലീഷ്, കണക്ക് വിഷയങ്ങൾ വളരെ ബുദ്ധിമുട്ടായിരുന്നു, വായിച്ചാലും മനസ്സിലാകില്ല. ഇംഗ്ലീഷ് ഒരു പേടിസ്വപ്നമായിരുന്നു. ഗണിതവും ഇംഗ്ലീഷും മനസ്സിലാകുന്നതേയില്ല! എന്ത് ചെയ്യും? എന്നറിയാതെ ഇരുന്നപ്പോൾ യേശുവിനെ അന്വേഷിക്കുവാൻ തുടങ്ങി. "യേശുവേ എങ്ങനെയെങ്കിലും എന്നെ രക്ഷിക്കേണമേ"




എന്ന് പ്രാർത്ഥിച്ചു. അതുമാത്രമല്ല, ഞങ്ങളുടെ തെരുവിൽ അത്ഭുത മേബിൾ എന്നറിയപ്പെടുന്ന ഒരു മാതാവ് എല്ലാവരോടും ദയയോടെ സംസാരിച്ച്, വിശ്വാസ വാക്കുകൾ പറഞ്ഞിരുന്നു. ഒരു ദിവസം അവർ എന്നോട് സ്നേഹത്തോടെ ചോദിച്ചപ്പോൾ, ഞാൻ എന്റെ പ്രശ്നങ്ങൾ പറഞ്ഞു. അപ്പോൾ അവർ, "സഹോദരാ, നീ ഒരു തവണ എഴുതുന്നത് , പത്ത് തവണ വായിക്കുന്നതിന് തുല്യമാണ്" എന്ന് എനിക്ക് ഒരു നല്ല ഉപദേശം നൽകി. അതായത്, വായിക്കുന്നത് ഒരുതവണ എഴുതി നോക്കണമെന്ന് പറഞ്ഞു. അവർ എനിക്കുവേണ്ടി തുടർന്നും പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

**യേശുവിനെ അന്വേഷിക്കുകയും, പ്രാർത്ഥിക്കുകയും ഉപദേശം തേടുകയും ചെയ്തതിന് ശേഷം എന്ത് വ്യത്യാസമാണ് ഉണ്ടായത്?**


എനിക്ക് ഇംഗ്ലീഷിൽ നല്ല അറിവില്ലാത്തതിനാൽ, എഴുതി എഴുതി നോക്കി, മനഃപാഠമാക്കി പരീക്ഷ എഴുതിയിരുന്നു. ചില വാക്കുകൾ എനിക്ക് വായിക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല. അപ്രകാരം വളരെ കഷ്ടപ്പെട്ട് പഠിച്ചാലും നിരവധി അക്ഷരതെറ്റുകൾ വരും. എനിക്ക് പരീക്ഷ വരുമ്പോഴെല്ലാം, അത്ഭുത മേബൽ അമ്മയോട് പറഞ്ഞ് പ്രാർത്ഥിക്കും. കുറച്ച് ദിവസങ്ങൾക്കുള്ളിൽ ഞാൻ GAME കളിക്കുന്നതും ടിവി കാണുന്നതും മുഴുവനായി അവസാനിപ്പിച്ചു. തിരുവചനം വായിക്കുവാൻ തുടങ്ങിയപ്പോൾ എനിക്ക് ഒരു വിശ്വാസം ഉണ്ടാകുവാൻ തുടങ്ങി. അതുവരെ 'എനിക്ക് പഠിക്കുവാൻ കഴിയുമോ?', 'എന്റെ ജീവിതം അത്രതന്നെയോ?', 'പത്താം ക്ലാസിൽ ഞാൻ ജയിക്കുമോ?', 'എന്റെ ഭാവി എന്തായിത്തീരും?' എന്ന് ചിന്തിച്ച ദിവസങ്ങൾ ഉണ്ടായിരുന്നു. പക്ഷേ കർത്താവ് എന്നിലുണ്ടായിരുന്ന അപകർഷത മാറ്റി എനിക്ക് പൂർണ്ണ വിടുതൽ നൽകി. ഞാൻ 10-ാം ക്ലാസിൽ 371 മാർക്കോടെ വിജയിച്ചതിനോടൊപ്പം, പതിനൊന്നാം വർഷവും 12-ാം വർഷവും 312 മാർക്ക് നേടി വിജയിച്ചു. ഇത് എന്റെ കഴിവുകൊണ്ടല്ല; എല്ലാം കർത്താവിന്റെ കൃപയാണ്!!





**ശരി .... നിങ്ങൾ വളരെ കഷ്ടപ്പെട്ട് പഠിച്ചു, സ്കൂളിൽ വിജയിച്ചു. നിങ്ങളുടെ കോളേജ് വിദ്യാഭ്യാസത്തെക്കുറിച്ച് ഞങ്ങളോട് പറയാമോ?**

12-ാം ക്ലാസ് കഴിഞ്ഞപ്പോൾ ചെന്നൈയിലെ ഒരു സർവകലാശാലയിൽ ബിബിഎ ഏവിയേഷൻ മാനേജ്മെന്റിൽ ചേരുവാൻ കർത്താവ് എന്നെ സഹായിച്ചു. ഈ കോളേജിൽ ചേരണമെങ്കിൽ 50% മാർക്ക് നേടിയിരിക്കണം. എനിക്ക് 52% മാർക്ക് നൽകി; ആ കോളേജിൽ പ്രവേശിക്കുവാൻ കർത്താവ് സഹായിച്ചു. "ഞാൻ നിന്നെ ഒരു നല്ല ജോലിയിൽ നിയമിക്കും" എന്ന് കർത്താവ് എനിക്ക് നൽകിയ ദർശനം വിശ്വസിച്ച്, ഒരു മികച്ച സർവകലാശാലയിൽ ഈ കോഴ്സ് എടുത്തു. എന്നാൽ ഇതിൽ തമിഴ് ഒഴികെ എല്ലാ വിഷയങ്ങളും ഇംഗ്ലീഷിൽ പഠിക്കണം, ഇംഗ്ലീഷിൽ സംസാരിക്കണം എന്ന് എല്ലാവരും പറഞ്ഞു. ഈ കോളേജിൽ പഠിക്കണമെങ്കിൽ ഒന്നരലക്ഷം രൂപ ഫീസും ഒരു ലക്ഷം രൂപ ഹോസ്റ്റൽ ഫീസും അടച്ച് പഠിക്കണം എന്നുള്ളതുകൊണ്ട് എന്റെ മാതാപിതാക്കളും, "നിനക്ക് സാധിക്കുമോ?" എന്ന് എന്നോട് ചോദിച്ചു. അപ്പോൾ "യേശു ദർശനത്തിൽ പറഞ്ഞത് തീർച്ചയായും നിറവേറ്റും!" എന്ന് ഞാൻ പറഞ്ഞപ്പോൾ, എന്റെ മാതാപിതാക്കൾ ഫീസ് അടച്ച് എന്നെ കോളേജിലേക്ക് അയച്ചു. ആദ്യത്തെ 3,4 മാസങ്ങൾ വളരെ കഷ്ടപ്പെട്ടു. ഇംഗ്ലീഷ് എനിക്ക് നന്നായി അറിയില്ല. എന്റെ






ക്ലാസിൽ എല്ലാവരും ഇംഗ്ലീഷിലാണ് സംസാരിക്കുന്നത്. എനിക്ക് മാത്രം ഇംഗ്ലീഷ് സംസാരിക്കുവാനോ, വായിക്കുവാനോ കഴിയില്ല. ഞാൻ സ്നേഹിതരുടെ മദ്ധ്യത്തിൽ ഇംഗ്ലീഷിൽ എന്തെങ്കിലും സംസാരിക്കുവാൻ ശ്രമിച്ചാലും, അവർ എന്നെ കളിയാക്കും. അപ്പോഴൊക്കെ മനസ്സ് തകർന്നുപോകുന്ന സാഹചര്യത്തിൽ, രാത്രി മുറിയിൽ കർത്താവിനോട് കരഞ്ഞ് പ്രാർത്ഥിക്കും. 6 മാസത്തിനുശേഷം first സെമസ്റ്റർ പരീക്ഷ ആരംഭിക്കുവാൻ പോകുന്നതിനാൽ ഞാൻ അതിനായി വളരെ പ്രയാസപ്പെട്ടു.

**ശരി .... ഇംഗ്ലീഷ് വായിക്കുവാൻ കഷ്ടപ്പെട്ട നിങ്ങൾ എങ്ങനെയാണ് പരീക്ഷയെ നേരിട്ടത് ? എല്ലാ വിഷയങ്ങളും വിജയിച്ചോ?**

പരീക്ഷ എങ്ങനെ നേരിടും എന്നറിയാതെ വിഷമിച്ചപ്പോൾ അച്ഛൻ എനിക്ക് ഒരു ESV ഇംഗ്ലീഷ് ബൈബിൾ വാങ്ങി തന്നു. അത് വായിക്കുവാൻ പറഞ്ഞു. അത് എല്ലാവർക്കും മനസ്സിലാകുന്ന തരത്തിൽ ലളിതമായിരിക്കും എന്നതിനാലാണ് ആ ബൈബിൾ വാങ്ങി തന്നത്. പക്ഷേ, അതും വായിച്ച് മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞില്ല. അങ്ങനെയിരിക്കെ ഒരു ദിവസം പ്രാർത്ഥിച്ചിട്ട് വന്നപ്പോൾ, google translate App ലൂടെ നമുക്ക് പഠിക്കാം എന്നൊരു നിർദ്ദേശം കർത്താവ് നൽകി. അങ്ങനെയാണ് ഞാൻ പഠിക്കാൻ



തുടങ്ങിയത്. ആദ്യ 3-4 മാസങ്ങളിൽ, Grammar class, Youtube ന്യൂസ് പേപ്പർ തുടങ്ങിയവയിലൂടെ ഇംഗ്ലീഷ് പഠിക്കുവാൻ ഞാൻ ധാരാളം ശ്രമിച്ചു. പക്ഷേ എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. ഒരു ദിവസം ഞാൻ വളരെ മനോഭാരത്തോടെ കർത്താവിന്റെ സന്നിധിയിൽ കരഞ്ഞുകൊണ്ട്, തിരുവചനം എടുത്ത് തുടക്കത്തിൽ "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (In the begining, God created the heavens and the earth) എന്ന ചെറിയ ചെറിയ വചനങ്ങൾ വായിക്കുവാൻ തുടങ്ങി. അപ്പോൾ തന്നെ ഇംഗ്ലീഷിന്റെ വ്യാകരണം എനിക്ക് ചെറുതായി മനസ്സിലാകുവാൻ കഴിഞ്ഞു. സത്യം പറഞ്ഞാൽ ബൈബിൾ വായിച്ചതു നിമിത്തം ഞാൻ ഇംഗ്ലീഷിന്റെ അടിസ്ഥാന വ്യാകരണം പഠിച്ചു. കൂടാതെ ഇംഗ്ലീഷ് സംസാരിക്കുന്ന നല്ല സ്നേഹിതരെ കർത്താവ് എനിക്ക് നൽകി. അവർ ഇംഗ്ലീഷിൽ സംസാരിക്കുന്നത് കേട്ട് കുറച്ച് പഠിക്കുവാൻ കർത്താവ് കൃപ നൽകി. ഒന്നാം സെമസ്റ്ററിൽ എല്ലാം അറിഞ്ഞുകൊണ്ടല്ല ഞാൻ പരീക്ഷ എഴുതിയത്. കഷ്ടപ്പെട്ട് പഠിച്ച് മനഃപാഠമാക്കി എനിക്കറിയാവുന്നത് എഴുതി വിജയിച്ചു. ഒരു വിഷയം മാത്രം arrear വന്നു. അടുത്ത സെമസ്റ്ററിൽ എഴുതി വിജയിച്ചു.

**സൂപ്പർ... വളരെ പ്രയത്നിച്ച് ഇംഗ്ലീഷ് പഠിച്ച് കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി... ഇപ്പോൾ എന്താണ് ചെയ്യുന്നത്?**

ഇംഗ്ലീഷ് അറിയാത്ത ഞാൻ, ഈ വിഷയം എടുത്ത് പഠിച്ചത് യേശു പറഞ്ഞതുകൊണ്ട് മാത്രമാണ്. അവസാന സെമസ്റ്ററിൽ Air Ticketing and fare costruction എന്ന വിഷയത്തിൽ centum എടുക്കാൻ കർത്താവ് കൃപ നൽകി. യേശു എനിക്ക് ജ്ഞാനം നൽകി, അനുഗ്രഹിച്ച് First Class Student എന്ന certificate നേടി, 2021-ൽ നല്ല പേരോടെ എന്റെ കോളേജ് പഠനം പൂർത്തിയാക്കാൻ എന്നെ സഹായിച്ചു. ബിരുദം കഴിഞ്ഞ് ആറുമാസത്തോളം ജോലിയൊന്നുമില്ലാതെ പല ഇന്റർവ്യൂകളിലും പങ്കെടുത്തു. എല്ലാ റൗണ്ടിലും ഞാൻ യോഗ്യത നേടും. പക്ഷേ, അവസാനം ഞാൻ ചില തെറ്റുകൾ വരുത്തുകയും തിരഞ്ഞെടുക്കപ്പെടാതെ അതിൽ നിന്ന് പുറത്താകുകയും ചെയ്യും. "അങ്ങാണ് എന്നോട് ഈ കോഴ്സ് എടുക്കുവാൻ പറഞ്ഞത്, ഞാൻ പഠിച്ചു, ഞാൻ പഠിച്ച കോഴ്സിന് അനുയോജ്യമായ ജോലിയില്ല. ഏതെങ്കിലും ഒരു ചെറിയ ജോലിയെങ്കിലും തരേണമേ" എന്ന് കർത്താവിനോട് പ്രാർത്ഥിച്ചു. ഏഴാം മാസത്തിൽ ഒരു ഇന്റർവ്യൂവിൽ പങ്കെടുത്തു, അതിൽ ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. ഞാൻ പഠിച്ച കോഴ്സ് അനുസരിച്ച് ചെന്നൈ എയർപോർട്ടിൽ ജോലി കിട്ടി. ഇപ്പോൾ ഞാൻ ചെന്നൈ international എയർപോർട്ടിൽ customer service executive ആയി ജോലി ചെയ്യുന്നു. കർത്താവ് എനിക്ക് വാഗ്ദത്തം ചെയ്തതുപോലെ, ഇന്ന് ഉയർന്ന സ്ഥാനങ്ങളിൽ ഇരിക്കുന്ന അധികാരികൾ, വിദേശികൾ, ഇതര സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർ കൂടാതെ ക്രിക്കറ്റ്, സിനിമ സെലിബ്രിറ്റികളോടും ഇംഗ്ലീഷിൽ സംസാരിക്കുന്ന അളവിൽ, ആയിരങ്ങളുടെ നടുവിൽ എന്നെ വളരെ ഉയർത്തി മാനിച്ചിരിക്കുന്നു.

**സൂപ്പർ ... തുടക്കത്തിൽ യേശുവിനും നിങ്ങൾക്കും തമ്മിൽ ഒരു ബന്ധവുമില്ലാതിരുന്നു. ഇപ്പോൾ നിങ്ങളെ ഉയർത്തിയ കർത്താവിനെക്കുറിച്ച് എങ്ങനെ ചിന്തിക്കുന്നു?**

ഇടയ്ക്കിടെ വചനം വായിക്കുകയും പ്രാർത്ഥിക്കുകയും പള്ളിയിൽ പോകുകയും ചെയ്തിരുന്നെങ്കിലും 12-ാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഞാൻ യേശുവിനെ എന്റെ രക്ഷകനായി സ്വീകരിച്ച് യേശുവിനായി എന്നെ പൂർണ്ണമായി സമർപ്പിച്ചത്. കർത്താവിനായി സമർപ്പിച്ച ദിവസം മുതൽ എനിക്ക് കർത്താവിനോട് വലിയ സ്നേഹവും തീക്ഷ്ണതയും ഉണ്ടായിരുന്നു. അതിനുശേഷം കർത്താവ് എനിക്ക് ധാരാളം ദർശനങ്ങൾ നൽകി എന്റെ വിശ്വാസം ശക്തിപ്പെടുത്തി. എന്റെ സ്കൂൾ വിദ്യാഭ്യാസത്തിൽ കർത്താവ് എന്നെ മനോഹരമായി നയിക്കുകയും അത് വിജയകരമായി പൂർത്തിയാക്കുവാൻ എന്നെ സഹായിക്കുകയും ചെയ്തു. ഞാൻ കോളേജിൽ പഠിക്കുമ്പോൾ എന്റെ സ്നേഹിതർ പല പാപശീലങ്ങൾക്ക് അടിമകളായിരുന്നു. എന്നാൽ, യേശു എന്നെ അതിൽ നിന്ന് അകറ്റി സംരക്ഷിച്ചു. പാപപ്രവൃത്തികളിൽ ഏർപ്പെടാതെ, എന്റെ ജീവിതം സമർപ്പിച്ചതുകൊണ്ട് കർത്താവ് എന്നെ എല്ലാ തിന്മകളിൽ നിന്നും അകറ്റി എന്റെ ജീവിതത്തിൽ തന്റെ ഹിതം നിറവേറ്റി. അവർക്കെല്ലാവർക്കും വേണ്ടി ഞാൻ എല്ലാ ദിവസവും കർത്താവിനെ സ്തുതിക്കുന്നു.

**ശരി സഹോദരാ.... യൗവനക്കാരോട് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്?**

ആദ്യം, സമർപ്പണം ഉണ്ടായിരിക്കണം. ചില ആവശ്യങ്ങൾക്കുവേണ്ടി മാത്രം നിങ്ങൾ യേശുവിനെ അന്വേഷിക്കാതെ, നിരന്തരം കർത്താവുമായി ഒരു ബന്ധം പുലർത്തണം. നമുക്ക് എന്താണ് ആവശ്യമെന്ന് നാം ജനിക്കുന്നതിനു മുൻപ് തന്നെ കർത്താവിന് അറിയാം. എന്നാലും നാം ചോദിക്കുമ്പോൾ മാത്രമാണ് കർത്താവ് നമുക്ക് മറുപടി നൽകുന്നത്.

**രണ്ടാമതായി , കർത്താവിനെ അറിയിക്കണം. എനിക്ക് ഇംഗ്ലീഷ് അറിയില്ല എന്ന് കർത്താവിനെ അറിയിച്ചു. കർത്താവ് ഇന്ന് വിദേശികളുമായി നന്നായി ഇംഗ്ലീഷ് സംസാരിക്കാനുള്ള വിവേകം നൽകി.**

മൂന്നാമതായി, ദൈവഹിതം അറിഞ്ഞ്, അതിന് സ്വയം സമർപ്പിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുവാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ കർത്താവ് അത് എത്ര വലിയ മലപോലുള്ള പ്രശ്നമാമായാലും അത് പരിഹരിക്കുകയും നിങ്ങളെ എല്ലാറ്റിനും മീതെ ഉയർത്തി വയ്ക്കുകയും ചെയ്യും.

**പ്രിയ യുവജനങ്ങളെ! സഹോദരൻ അജിത്, കർത്താവിന് സ്വയം സമർപ്പിച്ചു, തന്റെ കുറവ് കർത്താവിനെ അറിയിച്ചു, ദൈവഹിതത്തിന് കീഴ്പെട്ടതിനാൽ, ഇന്ന് കർത്താവ് അവനെ പ്രകാശിക്കുന്ന ഒരു പാത്രമായി മാറ്റിയിരിക്കുന്നു. ഇന്ന് നിങ്ങളും പ്രകാശിക്കുവാൻ കഴിയാതെ തളർന്നിരിക്കുന്നുവോ? നിങ്ങളുടെ പ്രശ്നങ്ങൾ കർത്താവിനെ അറിയിക്കുവിൻ. കർത്താവ് നിങ്ങളെയും അവനെപ്പോലെ പ്രകാശിപ്പിക്കും!!!**


## ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |

**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**



തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

Heart Beat


# അപകടങ്ങളെ ആഗ്രഹിക്കരുത്!



ഞാൻ Bsc കോഴ്സ് പൂർത്തിയാക്കി. കുട്ടിക്കാലം മുതൽ എന്റെ അമ്മാവനും ഞാനുമായി സ്നേഹത്തിലായിരുന്നു. അദ്ദേഹം 'ഞാൻ നിന്നെ വിവാഹം കഴിക്കാം, നമുക്ക് സന്തോഷമായി ജീവിക്കാം' എന്ന് ആഗ്രഹം നൽകി അയാളുടെ കെണിയിലാക്കിയിരുന്നു. അതുകൊണ്ട് അദ്ധ്യാപികയാകണമെന്ന എന്റെ സ്വപ്നം മാറ്റിവച്ച്, അമ്മാവനാണ് എന്റെ ലോകം എന്ന മട്ടിൽ ഞാൻ ജീവിച്ചു. പക്ഷേ എന്റെ അമ്മാവൻ തന്റെ കൂടെ പഠിച്ച സ്നേഹിതന്റെ അനുജത്തിയുമായി പ്രണയത്തിലായിരുന്നു. അത് ഞാനും എന്റെ കുടുംബവും അറിഞ്ഞിരുന്നില്ല. 6 മാസം മുമ്പ് അവർ വിവാഹിതരായി. ഇരുവരും സന്തോഷത്തോടെ ജീവിക്കുന്നു. പക്ഷേ എനിക്ക് അയാളെ മറക്കാൻ കഴിയുന്നില്ല. ഇപ്പോഴും ഞാൻ അദ്ദേഹത്തെ വിവാഹം കഴിക്കാൻ കാത്തിരിക്കുകയാണ്. അദ്ദേഹവും ഞാൻ നിന്നെ രണ്ടാമത് വിവാഹം കഴിക്കാം എന്ന് പറയുന്നു. ഞാൻ എന്ത് ചെയ്യണം?

**- കാർത്തിക, കർണാടക.**

സഹോദരി കാർത്തിക, നിങ്ങളുടെ അവസ്ഥ ഞാൻ നന്നായി മനസ്സിലാക്കുന്നു. ഒരു വശത്ത് സ്നേഹിച്ചവനെ നഷ്ടപ്പെട്ടതിന്റെ വേദന, മറുവശത്ത് ആഗ്രഹം നൽകി ദ്രോഹം ചെയ്തല്ലോ എന്ന കോപവും ദുഃഖവും നിങ്ങളുടെ ഹൃദയത്തെ ബാധിച്ചിരിക്കുന്നത് എനിക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു.



കാർത്തിക, നിങ്ങളുടെ ജീവിതത്തിലുണ്ടായ നിരാശയും വിശ്വാസവഞ്ചനയും കാരണം നിങ്ങൾ തകർച്ചയുടെ വക്കിലായിരിക്കാം. പക്ഷേ ആ നിരാശ, തെറ്റായ തീരുമാനങ്ങളിലേക്ക് നിങ്ങളെ നയിക്കുവാൻ പാടില്ല. വിവാഹിതനായ ഒരാളെ വിവാഹം കഴിക്കാൻ ചിന്തിക്കുന്നതും ആഗ്രഹിക്കുന്നതും വളരെ തെറ്റായ കാര്യമാണ്. ആ ആശയം വളരാൻ അനുവദിച്ചാൽ അത് വലിയ അപകടമായി മാറിയേക്കാം. നിന്നെ പ്രണയിച്ച് ചതിച്ച ആൾ തന്നെയാണ് നിന്നെ രണ്ടാമതും വിവാഹം കഴിക്കാം എന്ന് പറയുന്നതും വളരെ തെറ്റായ കാര്യമാണ്. അത് അയാളുടെ ഭാര്യയോട് ചെയ്യുന്ന വഞ്ചനയാണ്.

അതുകൊണ്ട് ഒരു ദിവസം പോലും ഇത്തരം അശുദ്ധമായ പ്രവൃത്തിയിൽ ഏർപ്പെടരുത്. എന്നാൽ ഈ സങ്കടത്തിൽ നിന്നും പുറത്തുകടക്കാൻ ഒരു വഴിയുണ്ട്. കുട്ടിക്കാലം മുതൽ ഇദ്ദേഹത്തെ തന്നെ വിവാഹം കഴിക്കണം എന്ന് നിങ്ങൾ കെട്ടിയുണ്ടാക്കിയ സ്വപ്ന കൊട്ടാരം നശിച്ചുപോയല്ലോ എന്ന് ചിന്തിക്കാതെ, നിങ്ങൾക്ക് മനോഹരമായ ഒരു ജീവിതം ലഭിക്കുമെന്ന പ്രത്യാശയിൽ പുതിയൊരു യാത്ര തുടങ്ങാമല്ലോ! കാർത്തിക, നിങ്ങളുടെ ഉയർച്ചയും, താഴ്ചയും നിങ്ങളുടെ കരങ്ങളിലാണ്.

### ഇതിൽ നിന്ന് എഴുന്നേൽക്കുവാൻ എന്താണ് ചെയ്യേണ്ടത്?

- മറക്കേണ്ട കാര്യങ്ങൾ മറക്കണം.
- നിങ്ങളുടെ അമ്മാവൻ ഇപ്പോൾ മറ്റൊരു സ്ത്രീയുടെ ഭർത്താവാണ്. അയാളെക്കുറിച്ച് ചിന്തിക്കുന്നതും, അയാളുടെ ഓർമ്മയിൽ ഇരിക്കുന്നതും അധാർമികമാണ്. അത് നമ്മുടെ സംസ്കാരത്തിനും പ്രായോഗിക ജീവിതത്തിനും യോജിച്ചതല്ല.
- നിങ്ങളുടെ അമ്മാവനെ തുടർന്ന് ബന്ധപ്പെടുന്നത് ഒഴിവാക്കണം, കൂടാതെ, അയാളുടെ ഓർമ്മയ്ക്കായി ഒരു വസ്തുവും സൂക്ഷിക്കരുത്.
- ഇപ്പോൾ നിങ്ങളുടെ വിവാഹത്തെക്കുറിച്ച് ചിന്തിക്കാതെ, ഒരു അദ്ധ്യാപികയാകണമെന്ന നിങ്ങളുടെ സ്വപ്ന ജീവിതം പിന്തുടരാൻ ശ്രമിക്കുക. നിങ്ങളുടെ മനസ്സ് പഠനത്തിലേക്ക് തിരിയുമ്പോൾ പഴയ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാതിരിക്കുവാൻ സാധ്യതയുണ്ട്.
- നിങ്ങൾ അദ്ധ്യാപക പരിശീലനം പൂർത്തിയാക്കി ഒരു നല്ല അദ്ധ്യാപിക എന്ന അവാർഡ് നേടുന്ന തരത്തിൽ പോലും ജീവിതത്തിൽ ഒരുപാട് മുന്നോട്ട് പോയേക്കാം.

### ഒരുപക്ഷേ എഴുന്നേൽക്കുവാൻ കഴിഞ്ഞില്ലെങ്കിലോ.....

- അമ്മാവന്റെ ഓർമ്മയിൽ വീണ്ടും അയാളുമായി ബന്ധപ്പെടാൻ ശ്രമിക്കാം. വിവാഹിതനുമായുള്ള ആ ബന്ധം കാലക്രമേണ തെറ്റായ ബന്ധമായി മാറാം.
- അയാൾ നിന്നെ വിവാഹം കഴിക്കുമെന്ന് പറയുന്നത് നിന്നോടുള്ള സ്നേഹം കൊണ്ടല്ല, അത് ഒരു തെറ്റായ ആഗ്രഹമാണെന്ന് മനസ്സിലാക്കണം.
- നിങ്ങൾ അങ്ങനെ ചെയ്താൽ, താൻ വിവാഹം കഴിച്ച ഭാര്യയോട് അയാൾ ചെയ്യുന്ന ഏറ്റവും വലിയ വഞ്ചനയാണ്. നിങ്ങളിലൂടെ മറ്റൊരു പെൺകുട്ടിയുടെ ജീവിതവും നശിക്കും.
- ഒരുപക്ഷേ നിങ്ങളുടെ അമ്മാവൻ നിങ്ങളെ അവസാനം വരെ സ്നേഹിക്കും, ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കുകയില്ല, അകന്നുപോകുകയുമില്ല എന്നതിന് ഒരു ഉറപ്പുമില്ല.
- ഇതു നിമിത്തം ഒരു വശത്ത് തെറ്റായ സ്ത്രീ എന്ന പേരുദോഷവും മറുവശത്ത് നാണക്കേട് ഉണ്ടാകുവാനും സാധ്യതയുണ്ട്. ആത്യന്തികമായി അത്തരമൊരു ജീവിതം ആവശ്യമാണോ? അത് നിങ്ങളെ തെറ്റായ നിഗമനത്തിലേക്കാണ് നയിക്കുന്നത്.

**അതുകൊണ്ട് ചിന്തിച്ച് പ്രവർത്തിക്കുവിൻ. വീണ്ടും വീണ്ടും അമ്മാവനെക്കുറിച്ചുള്ള തെറ്റായ ചിന്തകൾ നിങ്ങളെ ബാധിക്കാതിരിക്കാൻ വേഗത്തിൽ ശരിയായ തീരുമാനം എടുത്ത് മുന്നോട്ട് പോകാൻ ശ്രമിക്കുവിൻ.**

**കാർത്തിക ഈ ഇടുങ്ങിയ വഴിയിലൂടെ കടന്നുപോകുമ്പോൾ, നിങ്ങൾക്ക് മുന്നിൽ നല്ലൊരു ദാമ്പത്യജീവിതം ഉണ്ടാകുമെന്ന് ഉറപ്പാണ്. ഈ സാഹചര്യത്തിൽ യേശു നിങ്ങൾക്ക് പുതിയ ശക്തി നൽകുകയും യോഗ്യമായ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുകയും ചെയ്യും. നിങ്ങൾ യേശുവിനെ വിശ്വസിക്കുമ്പോൾ കർത്താവിന് നിങ്ങളുടെ ജീവിതത്തിൽ വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയും!**

"സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്" (സദൃ. 4:23)



# ദാനിയേലിന്റെ പ്രാർത്ഥന

**തിരുവചനത്തിൽ, ദാനിയേൽ,ഒരു പ്രധാനപ്പെട്ട കാര്യത്തിനായി അതായത്, തന്റെ ജനത്തെ അടിമത്തത്തിൽ നിന്ന് വിടുവിക്കാൻ കർത്താവിനോട് പ്രാർത്ഥിച്ചു. ദൈവസന്നിധിയിൽ ദാനിയേൽ കാത്തിരുന്ന് പ്രാർത്ഥിച്ച പ്രാർത്ഥനയും ആ പ്രാർത്ഥനയ്ക്ക് കർത്താവിൽ നിന്ന് മറുപടി ലഭിച്ച രീതിയും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ദാനിയേൽ 9:2,3,20). ദാനിയേലിന്റെ പ്രാർത്ഥനയിലേക്കും അതിനുള്ള മറുപടിയിലേക്കും കടക്കുന്നതിനുമുമ്പ്, ഈ മാസം ദാനിയേലിനെക്കുറിച്ച് ചില കാര്യങ്ങൾ നമുക്ക് പഠിക്കാം.**

## ദാനിയേലിന്റെ തീക്ഷ്ണത



ബാബിലോൺ രാജാവായ നെബൂഖദ്നേസർ യെരുശലേം ആക്രമിച്ച്, അത് പിടിച്ചടക്കി കത്തിച്ചു, അവിടെയുണ്ടായിരുന്ന സുന്ദരന്മാരും, ജ്ഞാനികളും, ബുദ്ധിമാന്മാരുമായ ചില യുവാക്കളെ പിടിച്ചുക്കൊണ്ടുപോയി, തന്റെ രാജ്യത്തിന് പ്രയോജനമുള്ളവരാക്കി മാറ്റി ഉപയോഗിക്കാൻ അവരെ അടിമകളാക്കി. ആ അടിമകളിൽ ഒരാളായിരുന്നു ദാനിയേൽ! യെരുശലേമിൽ നിന്ന് ബാബിലോണിലേക്ക് പിടിച്ചുകൊണ്ടുവരുമ്പോൾ ദാനിയേലിന് പതിനെട്ട് വയസ്സായിരുന്നുവെന്ന് പണ്ഡിതന്മാർ പറയുന്നു. ദാനിയേൽ കർത്താവിനെ ചോദ്യം ചെയ്തിരുന്നില്ല. അന്യരാജ്യത്തിൽ താമസിക്കുന്ന ദാനിയേലിന് തീക്ഷ്ണതയുണ്ടായിരുന്നു. രാജാവിന്റെ ഭക്ഷണവും വീഞ്ഞും കൊണ്ട് തന്നെത്തന്നെ അശുദ്ധമാക്കരുതെന്ന് ദാനിയേൽ തന്റെ ഹൃദയത്തിൽ നിശ്ചയിച്ച് തനിക്ക് അശുദ്ധി ഭവിപ്പാൻ ഇടവരുത്തരുതെന്ന് ഷണ്ഡാധിപനോട് അപേക്ഷിച്ചു (ദാനിയേൽ 1:8).

കർത്താവ് ദാനിയേലിനോടൊപ്പം ഉണ്ടായിരുന്നതുകൊണ്ടും, ദാനിയേൽ കർത്താവിന്റെ സാന്നിധ്യം അനുഭവിച്ചിരുന്നതുകൊണ്ടും, ഭക്ഷണത്തിന്റെ കാര്യത്തിലും അദ്ദേഹത്തിന് വളരെ ദൃഢനിശ്ചമുണ്ടായിരുന്നു. ഞാൻ എന്നെത്തന്നെ അശുദ്ധമാക്കുകയില്ല എന്നും ദൈവത്തെ ദുഃഖിപ്പിക്കുകയില്ല എന്നും അവൻ മനസ്സിൽ തീരുമാനിച്ചു.

## ദാനിയേലിന്റെ മൂന്ന് പ്രാവശ്യമുള്ള പ്രാർത്ഥന

ദാനിയേൽ ദിവസവും മൂന്ന് പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ച് സ്തോത്രം ചെയ്തു (ദാനി. 6:10). കുട്ടിക്കാലം മുതൽ ദിവസവും ദാനിയേലിന് മൂന്ന് പ്രാവശ്യം പ്രാർത്ഥിക്കുന്ന ഒരു നല്ല ശീലം ഉണ്ടായിരുന്നു. സമയം കിട്ടുമ്പോഴൊക്കെ ഞാൻ പ്രാർത്ഥിക്കും എന്ന് പറയാതെ, നിശ്ചിത സമയങ്ങളിൽ ദിവസവും മൂന്ന് പ്രാവശ്യം കിളിവാതിലുകൾ തുറന്ന്



യെരൂശലേമിലേക്ക് നോക്കി പ്രാർത്ഥിക്കുന്നത് ദാനിയേലിന്റെ പതിവായിരുന്നു. ആ പ്രാർത്ഥന അദ്ദേഹം ഒരിക്കലും ഉപേക്ഷിച്ചില്ല. തന്റെ ഹൃദയത്തെ മലിനമാക്കാതെ സൂക്ഷിക്കാനുള്ള ദൃഢനിശ്ചയവും ദൈനംദിന പ്രാർത്ഥനയിൽ ഒരു ചിട്ടയും ദാനിയേലിൽ കാണപ്പെട്ടു.

## ദാനിയേലിന്റെ വിശ്വാസ പ്രാർത്ഥന



ദാനിയേലിന്റെ ഉള്ളിൽ വിശ്വാസം വർദ്ധിച്ചിരുന്നു. അതായത്, ദാനിയേലിനെ സിംഹത്തിന്റെ ഗുഹയിൽ ഇട്ടാൽ കർത്താവ് സിംഹത്തിന്റെ വായ് അടയ്ക്കുമെന്ന വിശ്വാസമുണ്ടായിരുന്നതായി നാം വേദപുസ്തകത്തിൽ വായിക്കുന്നു (ദാനി. 6:23). ദാനിയേലിലുള്ള വിശ്വാസം പോലെ, പ്രാർത്ഥിക്കുന്ന ദൈവമക്കൾ എന്ന നിലയിൽ, നാം സാത്താനെ എതിർത്ത് പ്രാർത്ഥിച്ചാലും അവയ്ക്ക് നമ്മെ ഉപദ്രവിക്കാൻ കഴിയില്ലെന്ന വിശ്വാസം ഉണ്ടായിരിക്കണം. കാരണം, ലോകത്തിലുള്ള സാത്താനെക്കാൾ നമ്മോടുകൂടെയുള്ള കർത്താവ് വലിയവനാണ്.

## ദാനിയേലിന്റെ പ്രാർത്ഥനാ സ്നേഹിതന്മാർ



ഒറ്റയ്ക്ക് പ്രാർത്ഥിക്കുന്ന ഒരു മനുഷ്യനായിരുന്നു ദാനിയേൽ! അതേ സമയം യെരുശലേമിൽ നിന്ന് പിടിച്ചുകൊണ്ടുവന്ന ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നീ യുവാക്കൾക്കും ദാനിയേലിനൊപ്പം പ്രാർത്ഥിക്കുന്ന ശീലമുണ്ടായിരുന്നു.

രാജാവിന്റെ സ്വപ്നം വ്യാഖ്യാനിക്കാൻ നിർബന്ധിതമായ ഒരു സാഹചര്യം വന്നപ്പോൾ, ദാനിയേൽ തന്റെ സുഹൃത്തുക്കളോടൊപ്പം പ്രാർത്ഥിച്ച ആ രാത്രിയിൽ തന്നെ സ്വപ്നത്തിന്റെ അർത്ഥം വെളിപ്പെട്ടു. കർത്താവ് ദാനിയേലിനോട് കാര്യം വിശദീകരിച്ച് അദ്ദേഹത്തിന് വലിയ വിജയം നൽകി (ദാനി. 2:17-19).

**ദാനിയേലിന് പ്രാർത്ഥനാ സുഹൃത്തുക്കൾ ഉണ്ടായിരുന്നതുപോലെ, രാജ്യത്തിനും ആത്മാക്കൾക്കും വേണ്ടി പ്രാർത്ഥിക്കുവാൻ കഴിയുന്ന ആളുകളെ നിങ്ങളോടൊപ്പം കൂട്ടണം. ആത്മാവിൽ പ്രാർത്ഥിക്കാൻ കഴിയുന്നവരെ നിങ്ങളോട് ചേർത്തുകൊള്ളണം.**

**പ്രിയ യുവജനങ്ങളെ! എല്ലാ ദിവസവും മൂന്ന് പ്രാവശ്യം പ്രാർത്ഥിച്ചുകൊണ്ട് ദാനിയേൽ കളങ്കപ്പെടാതെ തന്നെത്തന്നെ സൂക്ഷിച്ചു. പ്രാർത്ഥനാ സ്നേഹിതരും ഉണ്ടായിരുന്നു. നിങ്ങളും ഒരു കൂട്ടമായിരുന്ന് പ്രാർത്ഥിക്കുമ്പോൾ, ദാനിയേലിനെപ്പോലെ ശക്തനായ ഒരു പ്രാർത്ഥനാ യോദ്ധാവായി നിങ്ങൾക്കും ഉയരുവാൻ കഴിയും! ആമേൻ!**

# ഭാവങ്ങൾ (Cravings)
# ആസക്തി

യൗവനക്കാരായ നമ്മൾ ഇന്ന് വളരെ മത്സരാധിഷ്ഠിതമായ ഒരു ലോകത്താണ് ജീവിക്കുന്നത്. ഓരോ ദിവസവും അഭിമുഖീകരിക്കേണ്ട നിരവധി വെല്ലുവിളികൾ നമ്മുടെ മുന്നിലുണ്ട്. ഇതിനിടയിലാണ് നാം നമ്മുടെ ഭാവങ്ങൾ പലതരത്തിൽ പ്രകടിപ്പിക്കുന്നത്. അതിൽ പ്രധാനമായും ഭയം, ഏകാന്തത, കോപം, വെറുപ്പ്, വിഷാദം തുടങ്ങി നിരവധി നിഷേധാത്മക ഭാവങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിൽ ഈ ഭാഗം പ്രത്യേകിച്ചും നിങ്ങൾക്കുള്ളതാണ്.



*Cravings* എന്നാൽ, ഒരു പ്രത്യേക വസ്തുവിനോടോ ഭക്ഷണത്തിനോ വേണ്ടിയുള്ള അനിയന്ത്രിതമായ ശക്തമായ ആഗ്രഹം അല്ലെങ്കിൽ ആസക്തി എന്നാണ് അർത്ഥമാക്കുന്നത്. തമിഴിൽ ഇതിനെ ഇച്ചൈ , ആസൈ എന്നാണ് അർത്ഥമാക്കുന്നത്. ഇത് ഒരുതരം വികാരമാണ്. അത് ഒരാളെ അടിമത്ത്വത്തിന് നേരായി വലിച്ചിഴയ്ക്കുന്നു.

**ഉദാഹരണത്തിന്,**

അർദ്ധരാത്രി ബിരിയാണി കഴിക്കണം എന്ന ആസക്തി ഉണ്ടാകുന്നു.





ചില സമയങ്ങളിൽ, അത് പുകവലിക്കാനോ മദ്യം കുടിക്കാനോ ഉള്ള പ്രേരണ നൽകുന്നു.

ചില ആളുകൾക്ക് ഒരു പുതിയ ബൈക്കോ കാറോ വാങ്ങാൻ ആഗ്രഹം ഉണ്ടാകും.



**ഇത്തരം അനിയന്ത്രിതമായ ഭാവങ്ങളെ എങ്ങനെ നിയന്ത്രിക്കാമെന്ന് ഈ മാസത്തെ പംക്തിയിലൂടെ നോക്കാം.**

അപ്പോൾ എനിക്ക് ആഗ്രഹങ്ങൾ ഉണ്ടാകുവാൻ പാടില്ലേ? ലൗകിക കാര്യങ്ങൾ നമുക്ക് ആസ്വദിക്കാനുള്ളതാണല്ലോ! എന്റെ പ്രിയപ്പെട്ട ബൈക്ക് അല്ലെങ്കിൽ കാറ് വാങ്ങാൻ ഞാൻ ആഗ്രഹിക്കുവാൻ പാടില്ലേ? സ്നേഹിതരോടൊപ്പം വിവധതരം ഭക്ഷണം കഴിക്കാൻ ഞാൻ ആഗ്രഹിക്കുവാൻ പാടില്ലേ? ഇത്തരം ചോദ്യങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഉയരുന്നുണ്ടോ?

**പ്രിയ യൗവനക്കാരെ! ആഗ്രഹങ്ങൾ മോശമല്ല. എന്നിരുന്നാലും അവ ആസക്തിയായിത്തീരുകയും ക്രിസ്തുയേശുവിനോടുള്ള സ്നേഹത്തേക്കാൾ മുൻഗണന നൽകുകയും ചെയ്യുമ്പോൾ, അത് പ്രശ്നമായിത്തീരുന്നു.**

## ആസക്തിയുടെ പരിണിതഫലങ്ങൾ

പുകയില, രാത്രി വൈകിയുള്ള ഭക്ഷണം, മദ്യം, മറ്റ് ലൗകിക വസ്തുക്കൾ എന്നിവയോടുള്ള ആസക്തികൾ താഴെപ്പറയുന്ന ചില മാറ്റങ്ങൾ നമ്മിൽ ഉണ്ടാക്കും.



- മാനസിക മാറ്റങ്ങൾ (Psychological changes)
- ഹൃദയമിടിപ്പ് കൂട്ടുക (Increse in heart rate)
- രക്തസമ്മർദ്ദം (Blood Pressure)





## നിങ്ങളുടെ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാനുള്ള ചില ലളിതമായ പരിഹാരങ്ങൾ

നടത്തം, കലകൾ പഠിക്കുക, നീന്തൽ, സ്പോസ് എന്നിവയിൽ ഏർപ്പെടുക, കുടുംബത്തോടൊപ്പം സമയം ചെലവഴിക്കുക, പ്രാർത്ഥിക്കുന്ന സ്നേഹിതരുമായി സഹവസിക്കുക, സ്വകാര്യ പ്രാർത്ഥനയിൽ സമയം വർദ്ധിപ്പിക്കുക തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങളിൽ നിങ്ങൾ മുഴുകിയിരിക്കുമ്പോൾ, നിങ്ങളുടെ ആസക്തികളെ മറികടക്കുവാൻ കഴിയും.

### വചന ഉപദേശം

- നിങ്ങളുടെ സ്വന്തം ശക്തിയിൽ ആശ്രയിക്കരുത്, പരിശുദ്ധാത്മാവിന്റെ സഹായത്തോടെ പ്രാർത്ഥിക്കാൻ കർത്താവിന്റെ ശക്തിയിൽ ആശ്രയിക്കുക. (ഫിലി. 4:13).
- ലൗകിക മോഹങ്ങൾ ഒഴിവാക്കാൻ തിരുവചനങ്ങളിലൂടെ നിങ്ങളുടെ മനസ്സിനെ പുതുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക (റോമർ 12:2).
- പ്രലോഭനങ്ങളെ വിട്ട് ഓടാൻ ശ്രമിക്കുക. പരീക്ഷകൾ നേരിടുമ്പോൾ അതിൽ നിന്നും രക്ഷപ്പെടാൻ കർത്താവ് ഒരു വഴി ഉണ്ടാക്കുമെന്ന് വിശ്വസിക്കുക (1 കൊരി. 10:13).



- പ്രാർത്ഥന, സ്തുതി, ആരാധന, വേദപാരായണം എന്നിവയിലൂടെ കർത്താവുമായുള്ള ബന്ധത്തിൽ ആകുകയും, ആത്മാവിന്റെ ഫലമായ ഇന്ദ്രിയജയം പരിശീലിക്കുകയും ചെയ്യുക. (5:22-23)
- ആസക്തികൾ ഉണ്ടാകുന്നത് വലിയ ആവശ്യത്തിൽ നിന്നോ ശൂന്യതയിൽ നിന്നോ ആണെന്ന് അറിഞ്ഞുകൊണ്ട്
- താൽക്കാലിക സുഖങ്ങളിൽ അല്ല ദൈവത്തിൽ സംതൃപ്തരായിരിക്കുക (സങ്കീ. 107:9).
- ഉപവസിച്ച് ശരീരത്തെ ശോഷിപ്പിച്ച് പ്രാർത്ഥിക്കുന്നതിലൂടെ പരിശുദ്ധാത്മാവിൽ ബലം പ്രാപിച്ച് ശക്തനായി, ആസക്തികളെ മറികടക്കുവാൻ കഴിയുന്നു (മത്തായി 6:16-18).

**ഇത് വായിക്കുന്ന പ്രിയ യൗവനക്കാരെ! നിങ്ങളെ അടിമപ്പെടുത്തുന്ന എന്തിനോടും "NO" എന്ന് പറയാൻ തീരുമാനിക്കുക.**
**നിങ്ങളുടെ തീരുമാനത്തിൽ ഉറച്ചുനിൽക്കുക.**
**ആസക്തികളുടെ അടിമയായിരിക്കുന്നതും അവയെ നിയന്ത്രിക്കുന്നതും നിങ്ങളുടെ choice ആണ്. ഓർക്കുക! നിങ്ങൾ അടിമകളല്ല; രാജാവിന്റെ മക്കളാണ്.....!!**



# പ്രകാശിക്കുവിൻ

ഇരുളിൽ കിടന്നിരുന്ന പല നഗരങ്ങളും ഇപ്പോൾ പ്രകാശപൂരിതമാണ്. എങ്ങും മിന്നിമറയുന്ന വർണ്ണാഭമായ വിളക്കുകൾ മനുഷ്യന്റെ ഉള്ളിൽ കാണപ്പെടുന്ന ഭയത്തെ കീഴടക്കിയിരിക്കുന്നുവെന്ന് പറയേണ്ടിവരും. ഒരു ഫ്ലാഷ് ലൈറ്റ് ഇരുളിനെ അകറ്റുകയും പാതയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. റോഡുകളിൽ ഒട്ടിച്ചിരിക്കുന്ന ഫ്ലാഷിംഗ് സ്റ്റിക്കറുകളിൽ വെളിച്ചം തട്ടുമ്പോൾ അവ തിളങ്ങി അപകടങ്ങൾ ഉണ്ടാക്കാതെ വാഹനങ്ങളെ ശരിയായ പാതയിൽ തുടരാൻ സഹായിക്കുന്നു. വെളിച്ചം തട്ടുമ്പോഴെല്ലാം അവ പ്രകാശിക്കുന്നു. വാഹനങ്ങൾ പോയിക്കഴിഞ്ഞാൽ, തിളങ്ങുന്ന സ്റ്റിക്കറുകൾ പ്ലെയിൻ പേപ്പറായി മാറുന്നു. ദീർഘകാലം അന്ധകാരത്തിന്റെ ആധിപത്യത്തിൽ കഴിഞ്ഞിരുന്ന മനുഷ്യരെ, എപ്പോഴും പ്രകാശിക്കുന്ന ജീവന്റെ വെളിച്ചമാക്കുവാനാണ് യേശു ഈ ലോകത്തിലേക്ക് വന്നത്.



"ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും" (യോഹ.8:12).

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു പറഞ്ഞ യേശുക്രിസ്തു മനുഷ്യരെ നോക്കി, "നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു" (മത്തായി 5:14) എന്ന് പറഞ്ഞിരിക്കുന്നു. അതായത്, വെളിച്ചമായ യേശു നമ്മിലുണ്ടെങ്കിൽ, നാമും പ്രകാശിച്ച്, ഇരുട്ടിൽ ഇരിക്കുന്ന ജനങ്ങൾക്ക് വെളിച്ചം നൽകുന്ന വിളക്കായിരിക്കാം. നമുക്ക് ചുറ്റുമുള്ള മനുഷ്യർ പാപത്തിലും ശാപത്തിലും ദാരിദ്ര്യത്തിലും കുടുങ്ങി പുറത്തിറങ്ങാനാവാതെ ഇരുട്ടിൽ തപ്പുകയാണ്. അത്തരക്കാരുടെ ഇടയിൽ നാം അഗ്നിജ്വാലകളായി മാറണമെന്നത് ദൈവഹിതമാണ്. "അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്ക് ആയിരുന്നു" (യോഹ.5:35) എന്നാണ് യേശു യോഹന്നാൻ സ്നാപകനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്.

യോഹന്നാൻ സ്നാപകൻ ഇരുളിൽ കിടക്കുന്ന ജനങ്ങൾക്ക് വെളിച്ചമായ യേശുവിനെ

പരിചയപ്പെടുത്താൻ വന്നു. ക്രിസ്തുവിനായി ജനങ്ങളെ ഒരുക്കുകയും മാനസാന്തരത്തിനായി അവരെ സ്നാനപ്പെടുത്തുകയും, ക്രിസ്തുവാകുന്ന വെളിച്ചത്തിലേക്ക് അവരെ നയിക്കുകയും ചെയ്തു. യേശുവിന്റെ ആദ്യ വരവിനായി ജനങ്ങളെ ഒരുക്കുവാൻ സ്നാപകയോഹന്നാൻ ഉണ്ടായിരുന്നതുപോലെ, കർത്താവിന്റെ രണ്ടാം വരവിനായി ജനങ്ങളെ ഒരുക്കേണ്ടതിന് യേശുവിന് നിങ്ങളെ ആവശ്യമാണ്! യേശുവിനെ വിശ്വസിക്കുവിൻ! നിനക്ക് ഒരിക്കലും പ്രകാശിക്കുവാൻ കഴിയില്ലെന്ന് പറഞ്ഞ ആളുകളുടെ ഇടയിൽ യേശു നിന്നെ പ്രകാശിപ്പിക്കും.



ഇംഗ്ലണ്ടിലെ ഏറ്റവും ദരിദ്രകുടുംബത്തിൽ ജനിച്ച വില്യം കാരി ദാരിദ്ര്യം നിമിത്തം പഠനം ഉപേക്ഷിച്ചു. ജോലി ചെയ്യുന്ന കടയിലുള്ള ഇന്ത്യയുടെ ഭൂപടം നോക്കിയാണ് അദ്ദേഹം ദിവസവും പ്രാർത്ഥിച്ചിരുന്നത്. ഒടുവിൽ 1793-ൽ അദ്ദേഹം ഇന്ത്യയിലെത്തി, അന്നുമുതൽ അന്ധകാരത്തിൽ കഴിയുന്ന ജനങ്ങൾക്ക് വെളിച്ചം നൽകുന്ന ഒരു ജ്വാലയായി അദ്ദേഹം പ്രകാശിച്ചു. അദ്ദേഹം ഒരിക്കൽ പോലും തന്റെ മാതൃ രാജ്യത്തിലേക്ക് മടങ്ങിപ്പോയില്ല. പുതിയനിയമം നാൽപ്പതിലധികം ഭാഷകളിലേക്കും, മുഴുവൻ വേദപുസ്തകം ഇരുപതിലധികം ഭാഷകളിലേക്കും പരിഭാഷപ്പെടുത്തി. അങ്ങനെ നിരവധി ആളുകൾക്ക് യേശുവിനെ അറിയിക്കുവാൻ കഴിഞ്ഞു. ഇതുകൂടാതെ, അദ്ദേഹം സ്ഥാപിച്ച മഹത്തായ ബൈബിൾ കോളേജായ സെറാംപൂർ യൂണിവേഴ്സിറ്റിയിൽ പഠിച്ച നിരവധി ശുശ്രൂഷകർ ഇപ്പോൾ ദൈവത്തിനുവേണ്ടി എഴുന്നേറ്റ് പ്രകാശിക്കുന്നു. എവിടെയോ ജനിച്ചു വളർന്ന വില്യം കാരി യേശുവിനെ വിശ്വസിച്ച് നമ്മുടെ ദേശത്തിൽ വന്നതുനിമിത്തം, പ്രകാശിക്കുന്ന വിളക്കായിരുന്നു. യേശു നിങ്ങളെയും പ്രകാശിപ്പിക്കും. എന്തുകൊണ്ടെന്നാൽ, "ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നു ..." (യോഹ. 1:9). യേശുവിന് നിങ്ങളെയും പ്രകാശിപ്പിക്കുവാൻ കഴിയും...!

ബാബിലോൺ ദേശത്തേക്ക് അടിമകളായി പിടിച്ചുകൊണ്ടുപോകപ്പെട്ട ദാനിയേലും അവന്റെ സ്നേഹിതരും പാപവും വിഗ്രഹാരാധനയും മന്ത്രവാദികളുടെ ആധിപത്യവും നിറഞ്ഞ ആ നാട്ടിൽ കർത്താവിനുവേണ്ടി പ്രകാശിച്ചു. ആ നാട്ടിൽ കണ്ടുവരുന്ന പാപങ്ങളിൽ നിന്ന് വേർപെട്ട്, കർത്താവിന് പ്രിയമായി ജീവിക്കുവാൻ തീരുമാനമെടുത്തതിൽ ഉറച്ചു നിന്നതുതന്നെയാണ് കർത്താവ് അവരെ പ്രകാശിപ്പിക്കുവാനുള്ള കാരണം!കൂടാതെ, അവർ എല്ലാ ദിവസവും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയും ദൈവത്തിൽ വിശ്വസിക്കുകയും ചെയ്തു. അതിനാൽ പാപത്തിന്റെ അന്ധകാരം അവരെ പിടികൂടിയില്ല. അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല, പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല (1 യോഹ. 3:6). ദാനിയേലും കൂട്ടുകാരും കർത്താവിൽ നിലനിന്നതുകൊണ്ടാണ് അവർക്ക് ആ നാട്ടിൽ പ്രകാശിക്കുവാൻ കഴിഞ്ഞത്. നിങ്ങളും ദൈവത്തിൽ വിശ്വസിക്കുകയും ലോകത്തിന്റെ പാപങ്ങളിൽ നിന്ന് അകന്നു നിൽക്കുകയും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയും ചെയ്താൽ, നിങ്ങൾ കർത്താവിനായി പ്രകാശിക്കും.

**എന്റെ പ്രിയപ്പെട്ട യൗവനക്കാരെ, "യഹോവ നമുക്കു പ്രകാശം തന്നിരിക്കുന്നു; ...." (സങ്കീ. 118:27). സൂര്യനെ ചുറ്റുന്ന ചന്ദ്രൻ സൂര്യന്റെ പ്രകാശം സ്വീകരിച്ച് ഭൂമിക്ക് പ്രകാശം നൽകുന്നതുപോലെ, നിങ്ങളും ലോകത്തിന്റെ വെളിച്ചമാകുന്ന ക്രിസ്തുവിൽ നിലനിന്ന്, പാപത്തിന്റെ അന്ധകാരത്തിൽ കഴിയുന്ന ജനങ്ങൾക്കിടയിൽ പ്രകാശിക്കുകയും പ്രകാശം നൽകുകയും ചെയ്യുവിൻ.**



# വീരനായ തിമൊഥെയൊസ്

ഭാഗം - 9





**Hi friends, നിങ്ങൾക്കെല്ലാവർക്കും സുഖമാണോ?
യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും എന്റെ സ്നേഹാശംസകൾ! ഈ പരമ്പരയിലൂടെ നിങ്ങളെ കണ്ടുമുട്ടിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.
കഴിഞ്ഞ മാസം അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിന് എഴുതിയ ആദ്യ ലേഖനത്തിന്റെ വിവരണങ്ങളും, പൗലൊസ് അപ്പൊസ്തലൻ തിമൊഥെയൊസിനെ എഫെസൊസ് സഭയുടെ മേൽനോട്ടം വഹിക്കാൻ അയച്ച ചുമതലകൾ, അവിടെ അവൻ നിറവേറ്റുവാൻ നൽകിയ ഒരു സഭയുടെ ദർശനം എന്നിവ നാം കണ്ടു.
ഈ മാസം അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിന് എഴുതിയ രണ്ടാമത്തെ ലേഖനത്തെക്കുറിച്ച് നമുക്ക് നോക്കാം.
വരുവിൻ പരമ്പരയിലേക്ക് പോകാം!**

## പശ്ചാത്തലം

എ.ഡി. 67ൽ പൗലൊസിന്റെ അവസാന നാളുകളിലാണ് 2 തിമൊഥെയൊസ് എഴുതിയത്. പൗലൊസ് ഈ ലേഖനം എഴുതിയപ്പോൾ, മൂന്നാം തവണയും അദ്ദേഹം തടവറ പോലുള്ള ഇരുണ്ട കുണ്ടറയിൽ അടയ്ക്കപ്പെട്ടിരുന്നു. തിമൊഥെയൊസിന് വേണ്ടി പൗലൊസ് വ്യക്തിപരമായി എഴുതിയതാണെന്നതിന്റെ തെളിവാണ് ഈ കത്തിന്റെ പ്രത്യേകത.

## ഉദ്ദേശം

പൗലൊസ് താൻ മരിക്കുവാൻ പോകുന്നു എന്ന് മനസ്സിലാക്കിയിട്ടും, അതിനുമുമ്പ് തന്റെ ആത്മീയ പുത്രനായ തിമൊഥെയൊസിനെ തന്റെ അടുക്കൽ കൊണ്ടുവന്ന്, അവനെ ആശ്വസിപ്പിക്കണമെന്ന് ആഗ്രഹിച്ചു. അതുകൊണ്ട് തിമൊഥെയൊസിനെ തന്റെ അടുക്കൽ കൊണ്ടുവരേണ്ടതിനും, കർത്താവ് നൽകിയ ശുശ്രൂഷ നിവർത്തിക്കാൻ അവൻ ശ്രദ്ധാലുവായിരിക്കണമെന്നും ഈ കത്തിൽ അവനെ പഠിപ്പിക്കുന്നു.



## തിമൊഥെയൊസിന്റെ വ്യക്തിത്വം

ഈ ലേഖനത്തിൽ പൗലൊസ് തിമൊഥെയൊസിനെ പ്രിയപുത്രനായി രണ്ട് തവണ പറയുന്നുണ്ട്. അതുകൂടാതെ, കുട്ടിക്കാലം മുതൽ വേദപുസ്തകം അറിയുന്നവനെന്നും, കളങ്കമില്ലാത്ത വിശ്വാസമുള്ളവനാണെന്നും, ശുശ്രൂഷകനാണെന്നും അദ്ദേഹം പ്രതീകപ്പെടുത്തുന്നു. പ്രിയ സ്നേഹിതരെ... അപ്പൊസ്തലനായ പൗലൊസിൽ നിന്ന് തിമൊഥെയൊസ് എന്ന യുവാവിന് ഒരു നല്ല സാക്ഷ്യം ലഭിക്കുന്നു.ഇന്ന് മറ്റുള്ളവർ ഇപ്രകാരം നമ്മെ തിരിച്ചറിയുമോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

## പൗലൊസിന്റെ ഉപദേശം

പൗലൊസ് തിമൊഥെയൊസിന്റെ മേൽ കൈവച്ചപ്പോൾ, ദൈവം നൽകിയ കൃപാവരം അഗ്നിയായി ജ്വലിപ്പിക്കേണം എന്ന്



ഓർമ്മപ്പെടുത്തുന്നു. തിമൊഥെയൊസ് പൗലൊസിൽ നിന്ന് കേട്ട ആരോഗ്യകരമായ തിരുവചനങ്ങൾ സ്വീകരിക്കാനും അവയിൽ നിലനിൽക്കാനും ഉദ്ബോധിപ്പിക്കുന്നു. കഷ്ടങ്ങൾ സഹിക്കുവാൻ കരുത്തുണ്ടാകണമെന്നും അദ്ദേഹം പറയുന്നു.

## തിമൊഥെയൊസിന് നൽകപ്പെട്ട മുന്നറിയിപ്പുകൾ

- ശുശ്രൂഷയിലെ ക്ലേശങ്ങളും ലോക മോഹങ്ങളും നിമിത്തം ഇടറിപ്പോയ ദേമാസ്, അലെക്സന്തർ തുടങ്ങിയ ശുശ്രൂഷകരുടെ മദ്ധ്യത്തിൽ ജാഗ്രതയോടെ ആയിരിക്കുവാൻ പൗലൊസ് 3 തവണ മുന്നറിയിപ്പ് നൽകിയിരിക്കുന്നു.
- തെറ്റായി പ്രബോധിപ്പിക്കുന്ന മൂപ്പന്മാരുടെ ഇടയിൽ യഥാർത്ഥമായി സത്യവചനം പ്രസംഗിച്ചുകൊണ്ട് ദൈവത്തിനു കൊള്ളാവുന്ന വേലക്കാരനായി നിൽക്കുക.
- ലോകമോഹങ്ങളെ വിട്ടോടുക.
- സമയത്തിലും അസമയത്തിലും വചനം പ്രസംഗിക്ക.
- എല്ലാ കാര്യങ്ങളിലും നിർമദനായിരിക്കുകയും, സുവിശേഷകന്റെ പ്രവൃത്തി വിശ്വസ്തതയോടെ ചെയ്യുകയും , ശുശ്രൂഷ നിറപടിയായി നിവർത്തിക്കയും ചെയ്യുക.
- ഇടറിപ്പോയ ശുശ്രൂഷകരുടെ കാര്യത്തിൽ ജാഗ്രത പാലിക്കുവാനും നിർദ്ദേശിക്കുന്നു.

## തെറ്റായ പഠിപ്പിക്കലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള തന്ത്രങ്ങൾ

തെറ്റായ പഠിപ്പിക്കലുകളെക്കുറിച്ച് തകർക്കിക്കാതെ കർത്താവിനെ സാക്ഷിയാക്കി ബുദ്ധി ഉപദേശിക്കുകയും, സത്യവചനം യഥാർത്ഥമായി പ്രസംഗിക്കുകയും തിന്മക്കെതിരെ മുന്നറിയിപ്പ് നൽകുകയും ചെയ്യുന്ന ഒരു പ്രസംഗകൻ സമാധാനത്തോടും ക്ഷമയോടും ഇരിക്കണമെന്നും,സത്യത്തെ എതിർക്കുന്നവരെ സത്യം അറിയിക്കാൻ സൗമ്യമായി പഠിപ്പിക്കണമെന്നും പൗലൊസ് തിമൊഥെയൊസിനെ ഉപദേശിക്കുന്നു.



ഇതുകൂടാതെ, ശുശ്രൂഷയുടെ പാതയിൽ താൻ ഒരു നല്ല പോരാട്ടം നടത്തി കർത്താവായ യേശുക്രിസ്തുവിന്റെ മുമ്പാകെ ഓട്ടം വിജയകരമായി പൂർത്തിയാക്കിയതുപോലെ വിശ്വസ്തനായിരിക്കണമെന്ന് തിമൊഥെയൊസിനെയും നിർബന്ധിക്കുന്നു. സ്വന്തം മകനെപ്പോലെയായിരുന്ന തിമൊഥെയൊസ് തന്റെ മരണത്തിന് മുമ്പ് വേഗത്തിൽ വന്ന് കാണുവാൻ പൗലൊസ് ആവശ്യപ്പെടുന്നു. അവൻ വരുമ്പോൾ, പൗലൊസ് വച്ചേച്ചുപോന്ന പുതപ്പും പുസ്തകങ്ങളും ചർമലിഖിതങ്ങളും കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. തിമൊഥെയൊസിന് പൗലൊസിന്റെ രണ്ടാമത്തെ കത്താണിത്. പൗലൊസിന്റെ മരണത്തിന് മുമ്പുള്ള അവസാനത്തെ കത്തായിരുന്നു ഇതെന്ന് നമുക്ക് പറയാം.

അപ്പോൾ! ഈ കത്തിൽ നാല് അദ്ധ്യായങ്ങളെ ഉള്ളൂ. എന്നാൽ പൗലൊസ് തിമൊഥെയൊസിന് എത്ര കാര്യങ്ങൾ എഴുതിയെന്ന് നോക്കുവിൻ! തനിക്ക് ലഭിച്ച നിർദ്ദേശങ്ങളും മുന്നറിയിപ്പുകളും ഉപദേശങ്ങളും എല്ലാം ശ്രദ്ധാപൂർവം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതിനാലാണ് തിമൊഥെയൊസിന് ആർക്കും കുലുക്കുവാൻ കഴിയാത്ത ഒരു വലിയ ശുശ്രൂഷകനാകുവാൻ കഴിഞ്ഞത്. പൗലൊസ് തന്റെ ശുശ്രൂഷയിൽ നേരിടേണ്ടിവന്ന എല്ലാ കഷ്ടപ്പാടുകളും തിമൊഥെയൊസിനും മറ്റ് ശുശ്രൂഷകർക്കും അറിയാമായിരുന്നു. അവരിൽ ചിലർ ഇടറിവീണു. പക്ഷേ, ആ യൗവനക്കാരനായ തിമൊഥെയൊസ് നിലനിന്നത് എത്ര മഹത്തായ കാര്യമല്ലേ?

ഈ കത്ത് തിമൊഥെയൊസിന് മാത്രമുള്ളതല്ല! സ്നേഹിതരെ, യൗവനക്കാരായ നമുക്കും വേണ്ടിയുള്ളതാണ്. തെറ്റായ പ്രബോധനങ്ങൾ നിറഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ, "നിങ്ങൾ ശുശ്രൂഷയ്ക്ക് വന്നാൽ, അതൊരു അനുഗ്രഹമാണ്; പഠിക്കേണ്ട ആവശ്യമില്ല" എന്ന് പറയുന്ന മനുഷ്യരുടെ മദ്ധ്യത്തിൽ തിമൊഥെയൊസിനെ പോലെ ഉറച്ചുനിൽക്കുവാനും കഷ്ടമനുഭവിക്കുവാനും നിങ്ങൾ തയാറാണോ? നമുക്കും ഈ മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും സ്വീകരിച്ച് അതനുസരിച്ച് പ്രവർത്തിക്കാം.

- വീരയുഗം തുടരും.....

# പ്രാർത്ഥനാ ഡയറി

## ജോലി നഷ്ടം

കഴിഞ്ഞ ആറ് മാസത്തിനിടെ മാത്രം ലക്ഷക്കണക്കിന് ആളുകൾക്കാണ് ലോകത്തിൽ ജോലി നഷ്ടമായത്. ഈ വർഷം സാങ്കേതിക മേഖലയിൽ മാത്രം 1.24 ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു. 2024 ജൂലൈയിൽ മാത്രം 34 കമ്പനികളിൽ നിന്നും 8000 പേർക്ക് ജോലി നഷ്ടപ്പെട്ടു. ഈ തൊഴിൽ നഷ്ടം വരും ദിവസങ്ങളിലും തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാസശമ്പളം മുടങ്ങിയതോടെ കടം വാങ്ങേണ്ട സാഹചര്യം സൃഷ്ടിക്കപ്പെടുകയും നിരവധി പേർ ദുരിതത്തിലാവുകയും ചെയ്യുന്നു. കഴിഞ്ഞ ഏഴ് വർഷത്തിനിടെ 37 ലക്ഷം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. ഇതുനിമിത്തം 1.34 കോടി പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു.



### പ്രാർത്ഥനാ വിഷയങ്ങൾ

1.ജോലി നഷ്ടപ്പെട്ട 1.24 ലക്ഷം ആളുകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാകുവാനായി പ്രാർത്ഥിക്കുവിൻ.

2.ആഗോളതലത്തിൽ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിനും, തൊഴിൽ നഷ്ടം തടയുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ.

3.ജോലി നഷ്ടപ്പെട്ട് കഷ്ടമനുഭവിക്കുന്നവർക്ക് ആശ്വാസം ലഭിക്കാനും, അനുയോജ്യമായ ജോലി കണ്ടെത്തുവാനും പ്രാർത്ഥിക്കുവിൻ.

4.അടച്ചുപൂട്ടിയ ചെറുകിട ബിസ്നസ്സുകൾ വീണ്ടും തുറക്കുവാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സർക്കാർ സഹായിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.

## വിവാഹമോചനം

ഇന്ത്യയിലെ 100 വിവാഹങ്ങളിൽ ഒന്ന് വിവാഹമോചനത്തിൽ അവസാനിക്കുന്നു. ഡൽഹി, മുംബൈ, ബാംഗ്ലൂർ തുടങ്ങിയ നഗരങ്ങളിൽ വിവാഹമോചന നിരക്ക് 30 ശതമാനത്തിലധികമാണ്. ഏറ്റവും കൂടുതൽ വിവാഹമോചന നിരക്കുള്ള സംസ്ഥാനങ്ങളിൽ 18.7 നിരക്കുമായി മഹാരാഷ്ട്ര ഒന്നാം സ്ഥാനത്തും, 11.7 നിരക്കിൽ കർണാടക രണ്ടാം സ്ഥാനത്തും, 8.8 നിരക്കിൽ ഉത്തർപ്രദേശ് മൂന്നാം സ്ഥാനത്തും , 8.2 നിരക്കിൽ പശ്ചിമബംഗാൾ നാലാം സ്ഥാനത്തും, 7.7 നിരക്കുമായി ഡൽഹി അഞ്ചാം സ്ഥാനത്തും നിൽക്കുന്നു. 7.1 നിരക്കിൽ തമിഴ്നാട് ആറാം സ്ഥാനത്ത് നിൽക്കുന്നു.



### പ്രാർത്ഥനാ വിഷയങ്ങൾ

1. വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള ഭാര്യാഭർത്താക്കന്മാർ വീണ്ടും ഒരുമിച്ച് ജീവിക്കാനും, അവരിൽ ക്ഷമ ഉണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.

2. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സഹിഷ്ണുതയ്ക്കും, കീഴടങ്ങലിനും സ്നേഹത്തിനും ഐക്യത്തിനും വേണ്ടി പ്രാർത്ഥിക്കുവിൻ.

3. കുടുംബങ്ങളെ തകർക്കാനുള്ള സാത്താന്റെ പദ്ധതികൾ നശിപ്പിക്കപ്പെടാൻ പ്രാർത്ഥിക്കുവിൻ.

4. കോടതിയിൽ കെട്ടിക്കിടക്കുന്ന വിവാഹമോചന കേസുകൾ വേഗത്തിൽ പൂർത്തിയാക്കാനും കുടുംബജീവിതം അനുഗ്രഹിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

# ഇസ്രായേലുമായുള്ള യുദ്ധം അവസാനിപ്പിക്കുക

2023 ഒക്ടോബർ മുതൽ 7000 മിസൈൽ ആക്രമണങ്ങളാണ് ഇസ്രായേലിനെതിരെ നടത്തിയത്. ഇരുരാജ്യങ്ങളുടെയും അതിർത്തിയിൽ നിന്ന് 2 ലക്ഷത്തോളം പേർ പാലായനം ചെയ്തിട്ടുണ്ട്. ഇതുവരെ 7 ലെബനൻ സൈനിക മേധാവികളെ ഇസ്രായേൽ വധിച്ചിട്ടുണ്ട്. 2024 ഏപ്രിലിന് ശേഷം ഇസ്രായേൽ - ഇറാൻ സംഘർഷം രൂക്ഷമാകുന്നു. ഈ സംഘർഷം എപ്പോൾ വേണമെങ്കിലും യുദ്ധമായി മാറാൻ സാധ്യതയുണ്ട്.





## പ്രാർത്ഥനാ വിഷയങ്ങൾ

1. ഇസ്രായേലിനും ലെബനനുമിടയിൽ സമാധാനത്തിനും മിസൈൽ ആക്രമണങ്ങളിൽ നിന്ന് സാധാരണക്കാർ സംരക്ഷിക്കപ്പെടുവാനും വേണ്ടി പ്രാർത്ഥിക്കുവിൻ.
2. രണ്ട് ദേശീയ ഗവർണമെന്റുകളുടെയും മേൽ ദൈവത്തിന്റെ ഭരണത്തിനായി പ്രാർത്ഥിക്കുക.
3. ഇസ്രായേലും ഇറാനും തമ്മിലുള്ള സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ.
4. ഇവിടെയുണ്ടാകുന്ന യുദ്ധം നിമിത്തം കുട്ടികളുടെ മരണം തടയപ്പെടുന്നതിനും, മരണങ്ങൾ ഉണ്ടാകാതിരിക്കുവാനും പ്രാർത്ഥിക്കുവിൻ.





# ഒക്ടോബർ 2024

# ബിസിനസ്സ്

ഇന്ത്യയിൽ 11.8 കോടി കർഷകരുണ്ട്. 2022 ലെ സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച്, ഇന്ത്യയിൽ ഓരാ മണിക്കൂറിലും ഒരു കർഷകൻ ആത്മഹത്യ ചെയ്യുന്നു. 2022 ൽ 11,290 ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നാണ് നാഷണൽ ക്രൈം ആർക്കൈവ്സിന്റെ (2023) റിപ്പോർട്ട് സൂചിപ്പിക്കുന്നത്. രാജ്യത്തെ മുഴുവൻ ആത്മഹത്യകളുടെ 6.6 ശതമാനമാണിത്.



## പ്രാർത്ഥനാ വിഷയങ്ങൾ

1. ഇന്ത്യയിലെ 11.8 കോടി കർഷകരുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുവിൻ.
2. കടക്കെണിയിലായ കർഷകരുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.
3. കർഷകർക്ക് പ്രയോജനപ്പെടുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കുവാനായി പ്രാർത്ഥിക്കുവിൻ.
4. കർഷക ആത്മഹത്യ തടയാനും അവരുടെ ഉപജീവന മാർഗം വർദ്ധിപ്പാനും പ്രാർത്ഥിക്കുക.

# ട്രെയിൻ യാത്ര

ഭാഗം - 6

**ശനിയാഴ്ച വൈകുന്നേരം ആൻഡ്രു തന്റെ വീട്ടിലെ കമ്പ്യൂട്ടറിൽ വാട്സ്ആപ്പ് സ്റ്റാറ്റസ് നോക്കുകയായിരുന്നു. വിഘ്നേഷിന്റെ വാട്സ് ആപ്പ് സ്റ്റാറ്റസിൽ സങ്കടകരമായ പോസ്റ്റുകളും വീഡിയോകളും കണ്ടതിന് ശേഷം അവനെ വിളിച്ചു.**



**ആൻഡ്രു:** (റിങ്... റിങ് ... റിങ്.... റിങ്...) എന്താ ... വിളിച്ചാൽ അവൻ എടുക്കയില്ല, വലിയ പ്രശ്നമായിരിക്കുമോ? എന്ന് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ, വിഘ്നേഷ് തിരിച്ചു വിളിച്ചു.

**വിഘ്നേഷ്:** പറയൂ ആൻഡ്രു... ( ദുഃഖസ്വരത്തിൽ)

**ആൻഡ്രു:** ഹായ് വിഘ്നേഷ് .... സുഖമാണോ?

**വിഘ്നേഷ്:** അങ്ങനെ ഇരിക്കുന്നു ...! ( നിരാശനായി)

**ആൻഡ്രു:** എന്തോ പ്രശ്നമുണ്ടെന്ന് നീ പറയാതെ തന്നെ അറിയാം... എന്തായാലും പറയൂ.

**വിഘ്നേഷ്:** കുറച്ചുകാലമായി ജോലിസ്ഥലത്ത് കടുത്ത സമ്മർദ്ദത്തിലായിരുന്നു. ഇപ്പോൾ ഞാൻ ജോലി ചെയ്തിരുന്ന പ്രോജക്ട് അവസാനിപ്പിക്കുവാൻ പോകുന്നു, ഞങ്ങളുടെ ടീമിലുള്ള 4 പേരെ ജോലിയിൽ നിന്നും പിരിച്ചുവിടാൻ പോകുന്നു! അതിൽ എന്റെ പേരും ഉണ്ടെന്ന് അവർ പറയുന്നു... എന്ത് ചെയ്യണമെന്ന് എനിക്കറിയില്ല.

**ആൻഡ്രു** (ആശ്ചര്യത്തോടെ): എന്താ പറയുന്നത്? ശരി നിന്റെ പേര് ഉണ്ടെന്ന് പറഞ്ഞോ? അതോ ഇരിക്കാമെന്ന് പറഞ്ഞോ?

**വിഘ്നേഷ്:** അതൊന്നും പറഞ്ഞില്ല, തിങ്കളാഴ്ച അറിയാം.

**ആൻഡ്രു:** ഹേയ് വിഘ്നേഷ്, ഇതുവരെ ആരും അത് പറഞ്ഞില്ല .... അതിനിടയിൽ സങ്കടകരമായ സ്റ്റാറ്റസും ഇട്ടു.

**വിഘ്നേഷ്:** തീർച്ചയായും എന്റെ പേര് ഉണ്ടായിരിക്കും ടാ...

**ആൻഡ്രു:** വിഘ്നേഷ് ഈ കാലഘട്ടത്തിൽ ലോകത്തിൽ എവിടെ നോക്കിയാലും ഈ തൊഴിൽ നഷ്ടം നടന്നുകൊണ്ടിരിക്കുന്നു. ഈ വർഷം മാത്രം 1.24 ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു. വാസ്തവത്തിൽ കഴിഞ്ഞ ജൂലൈയിൽ മാത്രം 34 കമ്പനികൾ 8000 പേരെ പിരിച്ചുവിട്ടു.

**വിഘ്നേഷ്:** എനിക്കും ഇങ്ങനെയൊരു അവസ്ഥയാണ് വരുവാൻ പോകുന്നത്... എനിക്ക് ഒരുപാട് commitments ഉണ്ട്...

**ആൻഡ്രു:** ജോലി നഷ്ടമായാൽ ബുദ്ധിമുട്ടാണെന്ന് എനിക്കറിയാം, പക്ഷേ നിങ്ങളെ പിരിച്ചുവിടുമെന്ന് ആരും നിന്നോട് പറഞ്ഞില്ലല്ലോ?

**വിഘ്നേഷ്:** ശരി... ഇപ്പോൾ എന്തു ചെയ്യും?

**ആൻഡ്രു:** ഞാൻ പറഞ്ഞാൽ ദേഷ്യപ്പെടരുത് ....

**വിഘ്നേഷ്:** എന്തായാലും പറയൂ! ദേഷ്യപ്പെടണമോ വേണ്ടയോ എന്ന് നോക്കാം ...

**ആൻഡ്രു:** നിനക്ക് എന്താ പ്രാർത്ഥിക്കുവാൻ പാടില്ലേ? ഒരു പ്രാവശ്യം ശ്രമിച്ചുനോക്കൂ. ഞാനും നിനക്കുവേണ്ടി പ്രാർത്ഥിക്കാം. നമ്മൾ രണ്ടുപേരും ഒരുമിച്ച് പ്രാർത്ഥിച്ചാൽ തീർച്ചയായും നിനക്ക് നല്ലത് സംഭവിക്കും.

**വിഘ്നേഷ്** (ഇഷ്ടമായില്ലെങ്കിലും മറ്റൊരു മാർഗവുമില്ല): ശരി എന്നു പറഞ്ഞു. ആൻഡ്രു അവനുവേണ്ടി ഒരു ചെറിയ പ്രാർത്ഥന നടത്തി.

(അടുത്ത ദിവസം രണ്ടുപേരും സഭയിൽ പോയി)

**ആൻഡ്രു:** ഇപ്പോൾ എങ്ങനെയുണ്ട് വിഘ്നേഷ്?

**വിഘ്നേഷ്:** മനസ്സിൽ അല്പം ആശ്വാസം തോന്നുന്നു... ഞാൻ ചിന്തിച്ചതുപോലെ അത്ര മോശമല്ല....

**ആൻഡ്രു:** നീ ഒന്നിനെക്കുറിച്ചും ആശങ്കപ്പെടേണ്ടതില്ല..... നാളെ നല്ലത് സംഭവിക്കും.

(ആൻഡ്രു ആശ്വാസ വാക്കുകൾ പറഞ്ഞു, ഇരുവരും വിടപറഞ്ഞു.)



# ഉണർവിനെയും കഷ്ടതയെയും വിഭജിക്കാനാവില്ല!

ഭാഗം - 3



ഈ ഉണർവിന്റെ കാലഘട്ടത്തിൽ കർത്താവിനായി എഴുന്നേറ്റ് പ്രകാശിക്കുവാൻ കൃപ ലഭിച്ച പ്രിയപ്പെട്ട യൗവനക്കാർക്ക് എന്റെ സ്നേഹാശംസകൾ. കഴിഞ്ഞ 2 മാസമായി "ഉണർവും കഷ്ടതയും" എന്ന വിഷയത്തിൽ മണിപ്പൂർ സംസ്ഥാനത്തെ ക്ലേശങ്ങളെക്കുറിച്ചും, ഉണർവിൽ മണിപ്പൂർ സംസ്ഥാനം എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നും വചനത്തിന്റെ അടിസ്ഥാനത്തിൽ നാം മനസ്സിലാക്കി. എന്തുകൊണ്ടാണ് മണിപ്പൂരിലെ ജനങ്ങൾ താത്കാലിക വാസസ്ഥലങ്ങളിൽ കുടിയേറി പാർക്കുന്നതെന്ന് ഈ മാസം നമ്മൾ പരിശോധിക്കുവാൻ പോകുന്നു.

മണിപ്പൂരിലെ ജനങ്ങൾ ഒരിക്കലും മതപരമായ വ്യത്യാസങ്ങൾ പെരുപ്പിച്ചു കാണിക്കുന്നവരല്ല. കുക്കി, നാഗ സമുദായങ്ങളുമായി സഹകരിച്ച് നിലനിന്നിരുന്ന മെയ്തി ജനതയാണ് കുക്കി ജനതയ്ക്ക് സംസ്ഥാന ഭരണത്തിൽ പോലും ശക്തമായ സ്ഥാനം നൽകിയത്. എന്നാൽ ഇപ്പോഴുണ്ടായ ആക്രമണങ്ങൾ ഇരുവിഭാഗങ്ങളിലും ആളപായത്തിനും നാശനഷ്ടങ്ങൾക്കും കാരണമായിട്ടുണ്ട്. 60,000 ത്തിലധികം ആളുകൾക്ക് വീട് നഷ്ടപ്പെട്ട് താൽക്കാലിക ക്യാമ്പുകളിൽ കഴിയുകയാണ്. അവയിൽ മെയ്തി, കുക്കി വിഭാഗങ്ങൾ ഉൾപ്പെടുന്നു. ആക്രമണം തുടങ്ങിയപ്പോൾ ഗർഭിണികളെയും ക്യാമ്പുകളിൽ എത്തിച്ചിരുന്നു.

കാലപങ്ങളും, വെടിവെപ്പുകളെയും തുടർന്ന് മണിപ്പൂർ ഇതുവരെ സമാധാനത്തിലേക്ക് തിരിച്ചെത്തിയിട്ടില്ല. ഇരുവശവും സർവ്വ സാധാരണമായി ആയുധങ്ങൾ ഉപയോഗിച്ചു വരുന്നു. ഇപ്പോൾ മണിപ്പൂരിൽ ആക്രമണങ്ങൾ കുറഞ്ഞെങ്കിലും പ്രശ്നം പൂർണമായി അവസാനിച്ചിട്ടില്ല. ചില സ്ഥലങ്ങളിൽ ഇടയ്ക്കിടെ ഏറ്റുമുട്ടലും വെടിവെപ്പും നടന്നുവരുന്നു! മണിപ്പൂരിൽ സമാധാനം തിരിച്ചുവരുമെന്നും, അവിടെനിന്നും പുറപ്പെട്ടുപോയവർ സ്വന്തം നാട്ടിലേക്ക് മടങ്ങിയെത്തി ഭയപ്പാടില്ലാതെ സ്നേഹത്തോടെ ജീവിക്കുകയും ചെയ്യുമെന്നാണ് എല്ലാവരുടെയും പ്രതീക്ഷ.

ഇത് വായിക്കുമ്പോൾ, വേദപുസ്തകത്തിലെ ഒരു സംഭവം ഓർമ്മ വരുന്നു. യഹൂദയിലെ യെഹോയാക്കീം രാജാവിന്റെ ഭരണകാലത്ത്, ദൈവം ഇസ്രായേൽ ജനത്തെ ബാബിലോണിലെ രാജാവായ നെബൂഖദ്നേസറിന്റെ കൈകളിൽ ഏല്പിച്ചു. അങ്ങനെ യെരുശലേമിൽ നിന്ന് ബാബിലോണിലേക്ക് കൊണ്ടുവന്നവനാണ് ദാനിയേൽ. അന്യദേശത്തിലും ദാനിയേൽ ദൈവത്തിന് ഒന്നാം സ്ഥാനം നൽകി കർത്താവിനെ വിശ്വസിച്ചു. ദൈവത്തിനായി തന്റെ ജീവിതത്തെക്കുറിച്ച് അധികം ചിന്തിക്കാതെ, അവന്റെ ഭക്തി തീക്ഷ്ണതയെ പ്രശംസിച്ചു. ഒന്നിലും കളങ്കപ്പെടാതവണ്ണം സ്വയം കാത്തുസൂക്ഷിച്ചു.

ഇദ്ദേഹത്തിന്റെ പ്രവർത്തിയിലൂടെ ദാര്യാവേശ് രാജാവ് കർത്താവിനെ തന്റെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. അതിനുപുറമേ, തന്റെ ഭരണത്തിന്റെ കീഴിലുള്ള എല്ലാവരോടും "ദാനിയേലിന്റെ ദൈവം രക്ഷകനും, ജീവനുള്ള ദൈവവുമാണ്, ആ ദൈവത്തിന്റെ മുമ്പാകെ ഭയഭക്തിയോടിരിക്കണമെന്നു ഞാൻ തീർപ്പു കല്പിക്കുന്നു" എന്ന് പ്രഖ്യാപിച്ചു. അടിമകളായി കൊണ്ടുവന്നവരിൽ ഒരാളായ ദാനിയേൽ മുഖാന്തരം ദാര്യാവേശ് രാജാവ് ഭരിച്ചിരുന്ന പ്രദേശത്ത് ഒരു ഉണർവ് ഉണ്ടായി. ഇന്ന് മണിപ്പൂരിൽ കലാപം നിമിത്തം ആളുകൾ ചിതറിപ്പോയിരിക്കുന്നു. അവർ ചിതറിക്കിടക്കുന്ന പ്രദേശത്തെ ജനങ്ങളും അധികാരികളും മറ്റും ദൈവമക്കളുടെ പ്രവർത്തനങ്ങളിലൂടെ കർത്താവിനെ തങ്ങളുടെ രക്ഷകനായി സ്വീകരിക്കുമെന്നതിൽ സംശയമില്ല. അവിടെയും ദൈവമക്കളിലൂടെ ഉണർവ് പടരുവാൻ പോകുന്നു. തിന്മയെ നന്മയാക്കി മാറ്റുന്നത് നമ്മുടെ സർവ്വശക്തനായ ദൈവമാണ്...

"ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. അവിടവിടെ ഭൂകമ്പവും ക്ഷാമവും ഉണ്ടാകും; ഇത് ഈറ്റുനോവിന്റെ ആരംഭമത്രേ. എന്നാൽ നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊൾവിൻ; അവർ നിങ്ങളെ ന്യായാധിപസംഘങ്ങളിൽ ഏല്പിക്കയും പള്ളികളിൽവച്ചു തല്ലുകയും എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പാകെ അവർക്കു സാക്ഷ്യത്തിനായി നിറുത്തുകയും ചെയ്യും" (മർക്കൊസ് 13:8-9).



# NISUIN BERIYTH


## (വിവാഹ ഉടമ്പടി)

### ഭാഗം - 9

## വിവാഹ സമയത്ത് ചെയ്യേണ്ടതും ചെയ്യരുതാത്തതും

### ഇണയല്ലാപ്പിണ കൂടരുത്

**"നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്" (2 കൊരി. 6:14)**



നുകം എന്നാൽ എന്ത്? കാളവണ്ടി കണ്ടിരിക്കുമല്ലോ. രണ്ട് കാളകളെ ഒരുമിപ്പിച്ച് വണ്ടി വലിക്കാൻ കാളകൾക്ക് മുകളിൽ വയ്ക്കുന്ന മരം കൊണ്ടുണ്ടാക്കിയ ചുമടിന് നുകം എന്നു പറയുന്നു. സാധാരണയായി നുകത്തിന് ഭാരമില്ല. എന്നാൽ അത് ബന്ധിപ്പിക്കുന്നു. വണ്ടിയുടെ ഭാരമാണ് ബുദ്ധിമുട്ടുണ്ടാക്കുന്നത്. രണ്ട് കാളകൾ ഉണ്ടെങ്കിൽ വണ്ടി എളുപ്പത്തിൽ വലിക്കാം. ഇതിൽ നിന്ന് വ്യത്യസ്തമായി, കാളയെയും കഴുതയെയും ഒരുമിച്ച് ചേർത്താൽ വണ്ടിയുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുവിൻ. രണ്ട് മൃഗങ്ങളുടെ കഴിവ്, ഭക്ഷണ ശീലങ്ങൾ, നടത്തം തുടങ്ങിയവ തികച്ചും വ്യത്യസ്തമല്ലേ! ക്രിസ്ത്യൻ വിവാഹത്തിൽ ഒരു വിശ്വാസി മറ്റൊരു അവിശ്വാസിയുമായി ബന്ധിക്കപ്പെടരുതെന്ന് തിരുവചനം നിർദ്ദേശിക്കുന്നു.

പഠിക്കുന്ന അല്ലെങ്കിൽ ജോലി ചെയ്യുന്ന എതിർ വിഭാഗത്തിൽപ്പെട്ടവരുമായി ഒരുമിച്ച് യാത്ര ചെയ്യുന്നു, ദീർഘനേരം ചാറ്റ് ചെയ്യുന്നു, അന്വേഷിക്കുമ്പോൾ സ്നേഹിതർ എന്ന് പറയുന്നു, അടുത്ത നാളുകളിൽ വിവാഹം കഴിക്കുന്നതുമൊക്കെ സാധാരണമായി മാറിയിരിക്കുന്നു. ഭക്ഷണ ശീലങ്ങൾ, വസ്ത്രധാരണ രീതികൾ, ജീവിതശൈലികൾ മുതലായവ തികച്ചും വ്യത്യസ്തമാകുമ്പോൾ അവർക്ക് അതിജീവിക്കാൻ പ്രയാസമാണ്. ചില കാര്യങ്ങൾ ക്രമീകരിക്കുവാൻ കഴിയും. എന്നാൽ ആരാധനകളും സഭയിലെ ശുശ്രൂഷകളും മറ്റും വ്യത്യസ്തമാകുമ്പോൾ അത് വ്യക്തിയെയും അവന്റെ കുടുംബത്തെയും മാത്രമല്ല, അതിനപ്പുറം അവരെ സൃഷ്ടിച്ച ദൈവത്തെയും ബാധിക്കുന്നു. തന്റെ മക്കൾ തന്നെ മാത്രം ആരാധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ബഹുമാനത്തിന് യോഗ്യമല്ലാത്ത കാര്യങ്ങളെ തന്റെ മക്കൾ ബഹുമാനിക്കുന്നത് കർത്താവിന് അംഗീകരിക്കുവാൻ കഴിയില്ല. മനുഷ്യന്റെ ശത്രുത സമ്പാദിക്കുന്നത് സുരക്ഷിതമല്ലാത്ത ജീവിതത്തിലേക്ക് നയിക്കുന്നു. ആകാശവും ഭൂമിയും പ്രപഞ്ചത്തെയും ഉണ്ടാക്കിയ കർത്താവിനെ വെറുക്കുകയും അന്യ നുകത്തിൽ ബന്ധിക്കുകയും ചെയ്താൽ പിന്നെ ക്ഷേമത്തെക്കുറിച്ച് ചിന്തിക്കുന്നത് എങ്ങനെ?

## നിശ്ചയിക്കപ്പെട്ട വിവാഹങ്ങൾ

ഒരു യൗവനക്കാരന് പ്രായമായ അമ്മയെ പരിപാലിക്കാൻ അവന്റെ വീട്ടിൽ ഒരു പെൺകുട്ടിയെ വേണം, അതുകൊണ്ട് നിശ്ചയിച്ച വിവാഹത്തിൽ താൻ ഏർപ്പെടുമെന്നും, അമ്മയുടെ കാലം കഴിഞ്ഞ് തനിക്ക് ആരെയും ആവശ്യമില്ലെന്നും അവൻ പറയുന്നു. അതുകൊണ്ട് എപ്പോൾ വേണമെങ്കിലും ബന്ധം അവസാനിപ്പിക്കുമെന്ന് അഭിമാനത്തോടെ പറയുന്നു.



വിവാഹസമയത്ത് ദമ്പതികൾക്ക് നേടാവുന്ന നിയമപരമായ അവകാശങ്ങൾ തിരഞ്ഞെടുക്കുന്നതിനും പരിമിതപ്പെടുത്തുന്നതിനുമാണ് നിശ്ചയിക്കപ്പെട്ട വിവാഹങ്ങൾ നടത്തുന്നത്. സ്വത്ത് വിഭജനം, പെൻഷൻ ആനുകൂല്യങ്ങൾ, സമ്പാദ്യം, ജീവനാംശം സ്വീകരിക്കാനുള്ള അവകാശം എന്നിവയെ നിയന്ത്രിക്കുന്ന നിയമങ്ങൾ പോലെയുള്ള നിരവധി സ്ഥിര വൈവാഹിക നിയമങ്ങളെ മറികടക്കാൻ ദമ്പതികൾ ഒരു രേഖാമൂലമുള്ള വിവാഹ ഉടമ്പടിയിൽ ഏർപ്പെടുന്നു.

## സ്വവർഗ വിവാഹങ്ങൾ

ഇത് ഒരേ വർഗ്ഗത്തിൽപ്പെട്ട രണ്ടുപേർ തമ്മിലുള്ള വിവാഹമാണ്. 2024ലെ കണക്കനുസരിച്ച് 36 രാജ്യങ്ങളിൽ സ്വവർഗ വിവാഹം നിയമപരമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇത് തിരുവചനങ്ങൾക്ക് വിരുദ്ധമാണ്. ആളുകൾ കർത്താവിനെ അറിഞ്ഞിട്ടും, കർത്താവിനെ ദൈവമെന്ന് മഹത്വപ്പെടുത്തുന്നില്ല. അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള വസ്തുക്കളോട് ഉപമിച്ചു. സ്രഷ്ടാവിനെ ആരാധിക്കുന്നതിന് പകരം അവർ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു. ഇക്കാരണത്താൽ ദൈവം അവരെ അവമാന രാഗങ്ങളിൽ ഏല്പിച്ചു. അതുപോലെ, പുരുഷന്മാർ സ്ത്രീകളെ അവരുടെ സ്വഭാവമനുസരിച്ചല്ലാതെ, അന്യോന്യം രോഷാകുലരായി, അവലക്ഷണമായത് പ്രവർത്തിച്ച്, തങ്ങളുടെ വിഭ്രമത്തിനു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നെ പ്രാപിച്ചു എന്ന് വേദപുസ്തകത്തിൽ പറയുന്നു (റോമർ 1:20 -32).

**പ്രിയ ദൈവമക്കളെ, ആദിയിൽ ദൈവം സ്ഥാപിച്ച വിവാഹ ഉടമ്പടിക്ക് യഥാർത്ഥ ദൈവീക സമാധാനവും പൂർണമായ അനുഗ്രഹവും നൽകാൻ കഴിയും. ദൈവം സ്ഥാപിച്ച ഈ വിവാഹ ഉടമ്പടി അറിഞ്ഞ് ദമ്പതികൾ സന്തോഷത്തോടെ ജീവിക്കാൻ ആഗ്രഹിക്കാത്ത ശത്രു, കർത്താവിന് ഇഷ്ടപ്പെടാത്ത പല വിവാഹകാര്യങ്ങൾ ഉണ്ടാക്കി ആളുകളെ വഴി തിരിച്ചുവിടാൻ ശ്രമിക്കുന്നു. കർത്താവിന്റെ മക്കൾ അത് തിരിച്ചറിഞ്ഞ്, ദൈവം സ്ഥാപിച്ച വിവാഹ ഉടമ്പടി ശ്രദ്ധാപൂർവ്വം മനസ്സിലാക്കുകയും, തലമുറകളെ അനുഗ്രഹിക്കുകയും ചെയ്യുവിൻ.**

തുടരും...





# കരം പിടിച്ച് ഉയർത്തിയ വിദ്യാഭ്യാസം!



യുവ വിജയികൾക്ക് എന്റെ ആശംസകൾ! എന്തെങ്കിലും നേടണമെന്ന ആഗ്രഹം എല്ലാവർക്കുമുണ്ട്. ഈ ഉദ്ദേശം മാത്രമുള്ളവർക്ക് നേടാനാവില്ല. എന്ത് സംഭവിച്ചാലും അതൊരു വെല്ലുവിളിയായി സ്വീകരിച്ച് എല്ലാ ദിവസവും കഠിനാധ്വാനം ചെയ്യുന്നവർക്ക് മാത്രമേ നേടാനാകൂ. അത്രയും കഠിനാധ്വാനിയായ ഒരു സാധകന്റെ ജീവിതയാത്ര നോക്കാം.

ഹിമാചൽ പ്രദേശിലെ ഒരു ഗ്രാമത്തിൽ ഒരു കർഷക കുടുംബത്തിലാണ് ജയ് ചൗധരി ജനിച്ചത്. വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെയാണ് വളർന്നത്. ദിവസവും നാല് കിലോമീറ്റർ നടന്നാണ് സ്കൂളിൽ എത്തുന്നത്. വീട്ടിൽ ശരിയായ വൈദ്യുതി ഇല്ലാത്തതിനാൽ സ്കൂളിൽ ഇരുന്ന് എല്ലാ വിഷയങ്ങളും പഠിച്ചതിനുശേഷം വീട്ടിലേക്ക് വരും. കഠിനാധ്വാനത്തിലൂടെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം വാരണാസിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ (IIT) സ്ഥാനം നേടി, അവിടെ അദ്ദേഹം എഞ്ചിനീയറിംഗ് ബിരുദം പൂർത്തിയാക്കി. 20-ാം വയസ്സിൽ ആദ്യമായി അമേരിക്കയിലേക്ക് പോയ അദ്ദേഹം അവിടെ എഞ്ചിനീയറിംഗിലും മാനേജ്മെന്റിലും ബിരുദാനന്തര ബിരുദം നേടി.




വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ചൗധരി **IBM, Unisys, IQ Software** തുടങ്ങിയ കമ്പനികളിൽ തന്റെ കരിയർ ആരംഭിച്ചു. ഇരുപത് വർഷത്തെ സാങ്കേതിക പരിചയമുള്ള അദ്ദേഹവും ഭാര്യ ജ്യോതിയും അവരുടെ നിക്ഷേപം ഉപയോഗിച്ച് 1996-ൽ **SecureIT** എന്ന ആദ്യ **startup** ആരംഭിച്ചു. പിന്നീട് അദ്ദേഹം **CoreHarbor, CipherTrust, AirDefense** എന്നിവയുൾപ്പെടെ നിരവധി കമ്പനികൾ തുടങ്ങി. സൈബർ സുരക്ഷയിൽ മാറ്റം വരുത്താനുള്ള തന്റെ സ്വപ്നത്തിലേക്ക് അദ്ദേഹം ഒരു പടി കൂടി അടുത്തു.

2008ൽ സൈബർ സുരക്ഷയിൽ വിപ്ലവം സൃഷ്ടിച്ച **Zscaler** എന്ന കമ്പനി ചൗധരി ആരംഭിച്ചു. **Cloud security solutions** ഉപയോഗിച്ച് **Zscaler** 5,000ത്തിലധികം ഉപഭോക്താക്കളെ ആകർഷിക്കുകയും ആഗോളതലത്തിൽ 2,600-ലധികം ജീവനക്കാരെ ഉൾപ്പെടുത്തുകയും ചെയ്തു. 15 ബില്യൺ ഡോളർ മൂല്യമുള്ള **Nasadaq** ലിസ്റ്റ് ചെയ്ത കമ്പനിയായ **Zscaler** ചൗധരിയുടെ മുന്നോട്ടുള്ള പദ്ധതികളും നേതൃത്വവും പ്രതിഫലിപ്പിക്കുന്നു.

ചൗധരിയുടെ കരിയറിലെ വിജയങ്ങൾ അദ്ദേഹത്തെ ലോകത്തിലെ ഏറ്റവും വലിയ സമ്പന്നരിൽ ഒരാളാക്കി. 2020ൽ അമേരിക്കയിലെ 400 സമ്പന്നരുടെ പട്ടികയിൽ 85-ാം സ്ഥാനത്തെത്തി. 2021ൽ ഏകദേശം 70,392 കോടി (ഏകദേശം 5.9 ബില്യൺ ഡോളർ) ആസ്തിയുള്ള ഇന്ത്യയിലെ ഒമ്പതാമത്തെ ധനികനായി അദ്ദേഹം അംഗീകരിക്കപ്പെട്ടു.

**സ്നേഹിതരെ, ജയ് ചൗധരിയുടെ ജീവിതയാത്ര നമ്മെ പഠിപ്പിക്കുന്നത് വിദ്യാഭ്യാസവും കഠിനാധ്വാനവുമാണ്. പഠിക്കുമ്പോൾ നന്നായി പഠിക്കുക. നിങ്ങളുടെ ലക്ഷ്യം നേടാൻ കഠിനമായി പരിശ്രമിക്കുക. ഒരിക്കലും ശ്രദ്ധ തിരിക്കരുത്. ചൗധരിയുടെ വിജയഗാഥ വായിക്കാൻ എളുപ്പമായിരിക്കാം. എന്നാൽ വിജയിക്കുവാൻ അദ്ദേഹം എടുത്ത ഓരോ ചുവടും പ്രയാസമേറിയതായിരുന്നു. ശ്രമിച്ചുകൊണ്ടേയിരിക്കുവിൻ. നിങ്ങളും വിജയം കൈവരിക്കും.**